1014

# സാമ്പത്തികവിജ്ഞാനം

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

കെ. മാമ്മൻ എം. ഏ.

83500

KOTTAYAM PUBLIC LIBRARY
KOTTAYAM.

1950

വില രൂപ 1

# വിഷയവിവരം


| അദ്ധ്യായം | പേജ് | വിഷയം |
|---|---|---|
| 1 | 1 | വിജയം |
| 2 | 7 | ആനന്ദം |
| 3 | 12 | ഭാഗ്യം |
| 4 | 17 | സ്വസംയമനം |
| 5 | 21 | പണം |
| 6 | 28 | വിദ്യാഭ്യാസം |
| 7 | 33 | അഹങ്കാരം |
| 8 | 37 | ധൈര്യം |
| 9 | 41 | പരിശ്രമം |
| 10 | 46 | വ്യാപാരമാന്ദ്യം |
| 11 | 50 | പരാജയം |
| 12 | 55 | സ്ഥിരമനോഭാവം |
| 13 | 58 | മുൻവിധി |
| 14 | 63 | വക്രവീക്ഷണം |
| 15 | 68 | ധാർമ്മികബോധം |
| 16 | 72 | ശാന്തത |

# മുഖവുര

ഇരുപതാംനൂററാണ്ടിൻെറ പൂർവ്വാർദ്ധം കഴിയുന്നു. നാം ഒരു നൂതനയുഗത്തിലേക്കു പ്രവേശിക്കുന്നു. ജനകീയ ഭരണം മിക്കരാജ്യങ്ങളിലും പ്രാബല്യത്തിൽ ഇരിക്കുന്നു. ഈ ഭരണത്തിൻെറ പ്രധാന ഉദ്ദേശം സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയങ്ങളെ നടപ്പിൽ വരുത്തുകയാണ്. ഏഷ്യയിൽ പല രാജ്യങ്ങൾക്കും വിശിഷ്യ, ഇൻഡ്യക്കും കേരളത്തിനും സ്വാതന്ത്ര്യം ലഭിച്ചു കഴിഞ്ഞു. ഇനിയത്തെ ഉദ്ദേശം സമത്വം പ്രചരിപ്പിക്കയാകുന്നു. അസമത്വം അതൃപ്തിയ്ക്കു കാരണമാകുന്നു. ജനഭരണത്തിൻെറ പ്രധാന നയം സമത്വം നടപ്പിൽ വരുത്തുവാനുള്ള മാറ്റങ്ങളെ നിർദ്ദേശിക്കയും, അവയെ പ്രചരിപ്പിക്കുകയും മുതലാളിമാരിൽനിന്നും, കുബേരന്മാരിൽനിന്നും സ്വത്ത് ഗവമ്മെൻറിലേയ്ക്ക് എടുത്ത് തൊഴിലാളികൾക്കും നിർദ്ധനർക്കും വസ്ത്രം, ഭക്ഷണം, ഭവനം, വിദ്യാഭ്യാസം, വൈദ്യസഹായം മുതലായവ ലഭിക്കുന്നതിനു സഹായിക്കയുമാണ്. കൂടാതെ, വസ്തു ഉടമസ്ഥത, പണമുടമസ്ഥത, സാമ്പത്തികസ്ഥിതി എന്നിവയിൽ പ്രകടമായ വ്യത്യാസങ്ങൾ ഇല്ലാതാക്കുവാനും ഭാരിച്ച സ്വത്തുള്ളവരിൽനിന്നും കൂടുതൽ നികുതി പിരിച്ചെടുത്തു പൊതുജനക്ഷേമത്തിനുപയോഗിക്കുന്നതിനും ജനഭരണം നിലകൊള്ളുന്നു.

ഈ നവീനയുഗത്തിലെ യുവതീയുവാക്കന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതി വാസനാശക്തിയും,

ബുദ്ധിവൈഭവവും ഉപയോഗിച്ച് സന്ദർഭങ്ങളെ വിജയപൂർവ്വം വിനിയോഗിക്കുന്നതിന് ഇതുപോലെ പററിയ കാലം മുമ്പില്ലായിരുന്നു എന്നതാകുന്നു. ജനനത്തെയൊ, വർണ്ണാശ്രമത്തെയൊ ആസ്പദമാക്കിയുള്ള അവകാശങ്ങളും പദവികളും അസ്തമിച്ച കാലം. ദാരിദ്ര്യത്തിൽ കഴിയുന്നവർക്കും വേണ്ട ഉത്സാഹവും, വേണ്ട ഗുണങ്ങളുമുണ്ടെങ്കിൽ ഉയർച്ചയിൽ വരുവാൻ തടസ്സമില്ലാത്ത കാലം. ബുദ്ധിസാമർത്ഥ്യവും വൈഭവവുമുള്ളവർ ഏതു ജോലിയിലും ശോഭിക്കുന്നതിനും, എവിടെയും ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുവാനും തടസ്സമില്ലാത്ത കാലം. വ്യവസായം, വാണിജ്യം, ബിസിനസ് എന്നിവയിൽ വിജയശ്രീ വരിക്കണമെന്നും, ഒരു പുതിയ രാഷ്ട്രവും, (Nation) ജാതിയില്ലാത്ത ജനതതിയും സൃഷ്ടിക്കണമെന്നും ആഗ്രഹിക്കുന്ന യൌവനക്കാരുടെ ഗാഢമായ ചിന്തയെ ആകർഷിക്കത്തക്ക കാര്യങ്ങൾ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. വിവിധ ആഫീസുകളിൽ "ക്ലർക്ക്"ന്മാരായിരിക്കുന്നവർക്കും ഓരോ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, വിജയം നേടുന്നതിനുവേണ്ട ധൈര്യവും പ്രാപ്തിയുമുണ്ടെങ്കിൽ, അതു ലഭ്യമാകുന്നതിനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം കേരളത്തിലെ യുവജനങ്ങൾക്ക് ഉപകാരപ്രദമായിത്തീരുമെന്നു വിശ്വസിക്കുന്നു.

ഈ നവീനയുഗത്തിൽ ധനം, വ്യവസായം, വാണിജ്യം എന്നിവ ആർക്കും പാരമ്പര്യമായൊ, കുടുംബസ്വത്തായൊ വന്നിട്ടില്ല. പഴയ കാലങ്ങളിലെ ദുഷിച്ച സമ്പ്രദായപ്രകാരം ബാങ്കുകളിലും, ബിസിനസ്സുകളിലും രണ്ടും മൂന്നും

തലമുറകൾവരെ അയോഗ്യരായ സന്താനങ്ങൾ സമ്പത്തു അനുഭവിക്കത്തക്ക വ്യവസ്ഥകൾചെയ്തിരുന്നു. ഇപ്പോളാകട്ടെ, പിൻതുടൎച്ചാവകാശം (Succession Duty), മരണശേഷം വസ്തുക്കൾ പേരിൽ മാററുന്നതിനുള്ള നികുതി (Death Duty), ഭാരിച്ച ആദായനികുതി (Super Tax) എന്നിവകൊണ്ടു പഴയ ദൂഷിച്ച രീതി അസാദ്ധ്യമായിത്തീൎന്നിരിക്കുന്നു.

ഐക്യകേരളത്തിലെ ജനങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നതായിപ്പറഞ്ഞുവല്ലോ. സമത്വം ക്രമേണ നടപ്പിൽവരുമെന്നുള്ളതു തീൎച്ചതന്നെ. വിദേശാക്രമണമൊ, ബാഹ്യമായ ഉപദ്രവങ്ങളൊ ഇല്ലാത്തതിനാൽ ആഭ്യന്തരകലാപങ്ങളിലും മത്സരങ്ങളിലും ഇടപെടുന്നതു ബുദ്ധിപൂൎവ്വകമല്ല. അതിനാൽ പഴയ ദൂഷിച്ച നയം ഇനിയും സ്വീകരിച്ചു് "ചേരി"കളിലും, കക്ഷികളിലും, മതങ്ങളിലും അകന്നു നില്ക്കാതെ പരസ്പരസഹായബുദ്ധിയോടും ഉത്തമവിശ്വാസത്തോടും പരിശ്രമിച്ചു് ഏകയോഗക്ഷേമത്തിനും, സാമ്പത്തികാഭിവൃദ്ധിക്കുംവേണ്ടി ജീവിതത്തോതു് ഉയൎത്തുന്നതിനു് കേരളീയയുവജനങ്ങൾ പരിശ്രമിച്ചാൽ ആനന്ദവും, ഐശ്വൎയ്യവും കേരളത്തിൽ വ്യാപിക്കും.

വിജയം എന്ന വിഷയത്തെ സംബന്ധിച്ചു ഉൽകൃഷ്ടാശയങ്ങളും പ്രായോഗികസിദ്ധാന്തങ്ങളുമുള്ള പല ഗ്രന്ഥങ്ങൾ മററു ഭാഷകളിലുണ്ടെങ്കിലും മലയാളഭാഷയിൽ യുവജനങ്ങൾ വായിച്ചു ഗ്രഹിക്കത്തക്ക പ്രസിദ്ധീകരണങ്ങൾ

കേവലം അപൂൎവ്വമാകുന്നു. ഈ കുറവിനെ പരിഹരിക്കാമെന്നു ഉദ്ദേശിച്ചു ഇതരഗ്രന്ഥങ്ങളെ ആസ്പദമാക്കി എഴുതിയിട്ടുള്ളതാണ് ഈ പുസ്തകം.

ലോകകാൎയ്യങ്ങളിൽ (affairs of the world) വിജയം എന്നാൽ എന്തെന്നും, വിജയപ്രാപ്തിക്കുള്ള മാൎഗ്ഗങ്ങൾ ഏതെല്ലാമെന്നും, വിജയശ്രീവരിച്ചു കഴിഞ്ഞാൽ ആനന്ദമായി തൃപ്തിയോടെ ജീവിക്കേണ്ടതു എങ്ങിനെ എന്നും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു.

---

# 1

# വിജയം

വിജയകാംക്ഷയില്ലാത്തവരായി ലോകത്തിൽ ആരും തന്നെ ഇല്ല. നാം എല്ലാപേരും ഓരോ തരത്തിലുള്ള വിജയത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്നു. സ്ഥിരപരിശ്രമംകൊണ്ടു സ്തുത്യൎഹമാംവണ്ണം വിജയം സമ്പാദിച്ച പല മഹാന്മാരുടെയും ചരിത്രങ്ങൾ നമുക്കു കൂടുതൽ പ്രോത്സാഹനം നൽകുന്നുണ്ടു്.

വിജയപരിശ്രമം ഒരു രാജവീഥിയാണു്; ആൎക്കും ആ പാതയിൽക്കൂടി സഞ്ചരിച്ചു നിശ്ചിതലക്ഷ്യത്തിൽ എത്തിച്ചേരാം. മനുഷ്യൻ സ്വാഭാവികമായി ആഗ്രഹിക്കാവുന്നതെല്ലാം ആ പൊതുവഴിയിൽക്കൂടി സഞ്ചരിച്ചാൽ ലഭ്യമാവുന്നതാണു്. വിജയകാംക്ഷയുള്ളവൻ പ്രവൎത്തനരംഗത്തിൽ ചഞ്ചലനാകാതെ സധൈൎയ്യം മുന്നോട്ടു പോവുന്നു. സന്ദർഭങ്ങൾ പാഴാക്കുവാൻ അവൻ ഒരുമ്പെടുന്നില്ല. സ്വശക്തിബോധം അവനു സംസിദ്ധമാവുന്നു. ജീവിതം നമ്മുടെ നിയന്ത്രണത്തിനു അധീനമാണെന്നും അല്ലാതെ നമ്മുടെ യജമാനഭാവത്തിൽ വൎത്തിയ്ക്കുന്ന ഒന്നല്ലെന്നും മനസ്സിലാവുന്നു. വ്യക്തിഗതമായ വൈഭവംകൊണ്ടു് വൻകാൎയ്യങ്ങളെപ്പോലും നിയന്ത്രിച്ചു സ്വാധീനപ്പെടുത്തുവാൻ കഴിയുമെന്നുള്ളതിനു് അനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

ഓരോ പ്രവൃത്തിയിലുമുള്ള അഭിരുചിയനുസരിച്ച് ഒരുവൻെറ ഉന്മേഷം കൂടിയും കുറഞ്ഞും ഇരിക്കാറുണ്ട്. ഒരു കലാകാരനു ലഭിക്കുന്ന ആനന്ദത്തെക്കാം വ്യത്യസ്തമായ രീതിയിലാണ് ഒരു രണവീരൻ അവൻെറ വിജയത്തിൽ സന്തോഷിക്കുന്നതു്. ഒരു വ്യവസായവിദഗ്ദ്ധൻെറ ആനന്ദം ഒരു രാജ്യതന്ത്രജ്ഞനു് അരോചകമായി തോന്നാം.

വിജയത്തിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തായിരുന്നാൽതന്നെയും എല്ലാപേരുടെയും ലക്ഷ്യം ഒന്നുതന്നെയാണ്. ഉന്നതപദവിയും സ്ഥാനമാനങ്ങളും ലഭ്യമാകണമെന്നാണ് എല്ലാവരും അഭിലഷിക്കുന്നതു്. ജീവിതകാലം മുഴുവൻ ഒരു പത്രറിപ്പോർട്ടറായോ, ഒരു ഗുമസ്തനായോ, ഒരു ഉപസേനാനിയായോ, ഒരു ഉപദേശിയായോ കഴിഞ്ഞുകൂട്ടുവാൻ ആരുംതന്നെ ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. പ്രധാനമന്ത്രി പദത്തിനു ചിലർ കാംക്ഷിക്കുമ്പോൾ മററു ചിലർ സർവ്വസൈന്യാധിപസ്ഥാനത്തിനോ പൌരോഹിത്യമേധാവിത്വത്തിനോ ധനകാര്യമന്ത്രിസ്ഥാനത്തിനോ ആസക്തി പ്രകടിപ്പിച്ചുവെന്നു വരാം.

ഒരു വിധം നോക്കുമ്പോൾ വിജയം ഈശ്വരാനുഗ്രഹത്തെ ആശ്രയിച്ചു നിൽക്കുന്ന ഒന്നാണെന്നു പറയണം. ശുക്രദശയിൽ വ്യാപാരങ്ങൾ കൂടുതൽ അഭിവൃദ്ധമാവുമെന്നു ചിലർ വിശ്വസിക്കുന്നതു് മുൻ പറഞ്ഞ തത്വത്തെ സൂചിപ്പിക്കുന്നു. നല്ല കാലത്തു "കാളിപ്പട്ടിപോലും കുതിരക്കുട്ടിയെ" പ്രസവിച്ചു എന്നുവരാം. എന്നാൽ ഈശ്വരദത്തമായ എന്തെല്ലാം മഹത്വങ്ങൾ ഉണ്ടായിരുന്നാലും

ബുദ്ധിപൂർവ്വകമായ പ്രയത്നത്തിനു വളരെയധികം സ്ഥാനമുണ്ടെന്നു സമ്മതിച്ചേ തീരൂ.

ഇതരകാര്യങ്ങളെന്നപോലെ വിജയവും ഏറെക്കുറെ ഈശ്വരവിധിയെയും കുറെയൊക്കെ സ്വന്ത പരിശ്രമത്തെയും ആശ്രയിച്ചിരിക്കുന്നു. "താൻ പാതി ദൈവം പാതി" എന്നാണല്ലോ മഹദ്വചനം. സ്ത്രീപുരുഷന്മാരിൽ ഭൂരിപക്ഷം പേരിലും വിജയപ്രാപ്തിക്കായുള്ള ശക്തി അന്തർലീനമായി കിടപ്പുണ്ട്. ആ വിശിഷ്ടശക്തിയെ നഷ്ടപ്പെടുത്താതെ സംഭരിച്ചുവക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുകയാണ് മനുഷ്യധർമ്മം.

ഒരുവനുണ്ടാകുന്ന വിജയം പ്രായേണ വിവേചനാശക്തി, ഉത്സാഹം, ആരോഗ്യം എന്നീ മൂന്നു ഉപാധികളെ ആശ്രയിച്ചിരിക്കുന്നു. ഇവയിൽ ഏററവും പ്രാധാന്യം അർഹിക്കുന്നതു വിവേചനാശക്തി എന്ന ഗുണമാണ്.

വിവേചനാശക്തി:— സകല പ്രവർത്തനങ്ങളുടെയും വിജയത്തിനുള്ള മുഖ്യകാരണം വിവേചനാശക്തിയാകുന്നു. മനസ്സിനെ മോഹിപ്പിക്കുന്ന പല നൂതനസമ്പ്രദായങ്ങളും രൂപമെടുത്ത് അവയുടെ സാദ്ധ്യതക്കായി മനുഷ്യൻ വലിയ മനഃക്ലേശം അനുഭവിച്ചു എന്നുവരാം. എന്നാൽ വിവേചനാശക്തിയുള്ള ഒരുവന് ആ പ്രയാസങ്ങളെ ദൂരീകരിക്കുവാൻ നിഷ്പ്രയാസം കഴിയുന്നു.

വിവേചനാശക്തി അനവധി ഗുണങ്ങളുടെ ഒരു സംയുക്തരൂപമെന്നുതന്നെ പറയാം. പരഹൃദയജ്ഞാനം, ഭൂതകാലാനുഭവങ്ങളിൽനിന്നും സിദ്ധമാകുന്ന പരിചയം,

വർത്തമാനകാലത്തേക്കു സന്നദ്ധമാകുവാനും അതിൽനിന്നും ഭാവി കാര്യങ്ങൾക്കു രൂപംകൊടുക്കുവാനും ഉള്ള മനോബലം മുതലായി അനവധി ജീവൽപ്രശ്നങ്ങൾ അതിൽ ഉൾപ്പെടുന്നു. ലൌകികകാര്യങ്ങളോടുള്ള നിത്യപരിചയം വിവേചനാശക്തിക്കു മാററു കൂട്ടുകതന്നെചെയ്യും. ചുരുക്കിപ്പറഞ്ഞാൽ അറിവിനെ ഉൾക്കൊള്ളുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കഴിവിനെ വിവേചനാശക്തിയെന്നു പറയാം.

ഉത്സാഹം:— സ്ഥിരോത്സാഹം ഇല്ലാത്ത ഒരുവന് വിവേചനാശക്തി ഉണ്ടായിരുന്നാൽതന്നെയും ഫലം തുലോം മോശമായിരിക്കും. നിരുത്സാഹിയായ ഒരുവന് പ്രയത്നിച്ചു നന്നാകേണ്ട അനവധി സുവർണ്ണാവസരങ്ങൾ നഷ്ടപ്പെട്ടെന്നു വരാം. വെറും അലസനായി ജീവിതം നിർവഹിക്കുന്നവന് പ്രതിവിധി ഇല്ലാത്ത അനേകം തെററുകൾ സംഭവിക്കാനിടയുണ്ട്.

മനുഷ്യർ സ്വാഭാവികമായി വെറും മടിയന്മാരോ, അസാധാരണമായ ഉത്സാഹശീലമുള്ളവരോ ആയിരിക്കയില്ല. അനുകൂലമായ പരിതഃസ്ഥിതിയും അഭിരുചിയും അവരെ നിർബ്ബന്ധിക്കുന്നതിനനുസരണമായി മുൻ പറഞ്ഞ ഓരോ വിഭാഗത്തിലേക്കും അവർ ആകർഷിക്കപ്പെടുന്നു. എന്നാൽ ഏതു മനുഷ്യനും പ്രവർത്തിച്ചു നന്നാകുവാൻ കഴിയും. ഉത്സാഹം വിവേചനാശക്തിയുടെ ഭൃത്യനാകുന്നു. ഏകാഗ്രതയോടുകൂടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ ഉത്സാഹം സ്വായത്തമായിക്കൊള്ളും.

ആരോഗ്യം:— ആരോഗ്യം വിവേചനാശക്തിയുടെയും ഉത്സാഹത്തിൻെറയും അടിസ്ഥാനമാണ്. തന്മൂലം വിജയത്തിൻെറ കവാടത്തിലേക്കുള്ള മാർഗ്ഗദീപവുമതാകുന്നു. ആരോഗ്യം ഇല്ലെങ്കിൽ പ്രവർത്തനശക്തി ക്ഷയിക്കുകയും ജീവിതം പരാജയപ്പെടുകയും ചെയ്യും. പ്രഭാതത്തിൽ ഉണരുമ്പോൾ മുൻകോപമുണ്ടാവുന്ന ഒരുവൻെറ വിവേചനാശക്തി ക്ഷുദ്രമാണെന്നു പറയാതെ തരമില്ല. അയാളുടെ ആരോഗ്യം നിശ്ചയമായും പൂർണ്ണമാണെന്നു കരുതിക്കൂടാ. ദേഹസുഖമില്ലാത്തവന്നു് സ്ഥിരപ്രയത്നം സാദ്ധ്യമല്ലതന്നെ.

ആരോഗ്യവും വ്യായാമവും പൊരുത്തമുള്ള രണ്ടു ഘടകങ്ങളാണ്. വ്യായാമം ജീവിതവിജയത്തിൻെറ ആണിക്കല്ലാണെന്നു നിസ്സംശയം പറയാം. എന്നാൽ അതിർ കവിഞ്ഞ വ്യായാമം ആപത്തിലേക്കു വഴി തെളിച്ചേക്കും. അധികമായാൽ അമൃതും വിഷമാവുന്നതാണല്ലോ. മിതമായി ശരീരവ്യായാമം ചെയ്യാത്തവന്നു് വിജയം നേടാമെന്നുള്ള ആശ നിഷ്ഫലമായിത്തീരും. ഒരു ദേഹാഭ്യാസവിദഗ്ദ്ധൻ ഒരു മത്സരക്കളിയിൽ "ഗോൾ" എടുത്തതുകൊണ്ടു് ജീവിതമത്സരത്തിൽ ജയിച്ചു എന്നു കരുതാവുന്നതല്ല. ദേഹാഭ്യാസസംബന്ധമായ കാര്യങ്ങൾ ഇതരജോലികളുമായി പൊരുത്തപ്പെടുന്നില്ല. മത്സരക്കളികളിലും കായികാഭ്യാസങ്ങളിലും വിദഗ്ദ്ധനായ ഒരുവൻ ആഫീസുജോലിയിൽ മടിയനായി തീരാവുന്നതാണ്. ചില കളിക്കാർ മദ്ധ്യപ്രായംവരെ മത്സരങ്ങളിൽ ഏർപ്പെടുകയും അനന്തരം അവരുടെ ദേഹശക്തി

ക്ഷയിക്കുകയും ഒടുവിൽ അവരുടെ സാഹസങ്ങൾ എല്ലാം തന്നെ വിഫലമായി തീരുകയും ചെയ്യുന്നു. അതിനാൽ മിതമായ വ്യായാമം ഒരു മനുഷ്യന് തികച്ചും ആവശ്യമാണെന്നു നിസ്സംശയം പ്രസ്താവിക്കാം.

ബുദ്ധികൊണ്ടുമാത്രമോ പണംകൊണ്ടുമാത്രമൊ ഫലസിദ്ധിയുണ്ടാകുന്നില്ല. ബുദ്ധിയും പണവും യോജിച്ചാൽ അതു ക്ഷണത്തിൽ കൈവരുന്നു. ജീവിതം വിജയത്തിൽ എത്തിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും പ്രവത്തിക്കുവാനുള്ള ഉത്തമമായ അവസരം ഈ ജനകീയയുഗമാകുന്നു. വംശമാഹാത്മ്യമൊ, സാമുദായിക മേന്മകളൊ ഇപ്പോൾ മാനിക്കപ്പെടുന്നില്ല. ഒരുവനു യഥാത്ഥ യോഗ്യതയുണ്ടെങ്കിൽ അവൻ ദരിദ്രനായിരുന്നാൽതന്നെയും ഉത്സാഹവും സ്ഥൈര്യവുംകൊണ്ടു് ഉന്നതിയെ പ്രാപിക്കുന്നതിനു യാതൊരു പ്രതിബന്ധവുമില്ല.

ഉന്നതസ്ഥാനങ്ങൾ ഒന്നും ആരുടെയും കുടുംബസ്വത്താണെന്നു ധരിക്കേണ്ട ആവശ്യമില്ല. ക്രമീകൃതമായ വിദ്യാഭ്യാസവും പരിശ്രമവുംകൊണ്ടു് ആക്കും വിജയത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രംവരെ ഉയരാം.

ഇപ്രകാരം നോക്കുമ്പോൾ വിജയസിദ്ധിക്കു് മുൻപറഞ്ഞ വിവേചനാശക്തി, ഉത്സാഹം, ആരോഗ്യം ഇവ അനുപേക്ഷണീയങ്ങളാണെന്നു വന്നുകൂടുന്നു. വിവേചനാശക്തി അഭിവൃദ്ധിപ്പെടുത്താം; ഉത്സാഹശീലം സമ്പാദിക്കാം; ആരോഗ്യം പരിശ്രമിച്ചു കരസ്ഥമാക്കുകയും ചെയ്യാം. ഈ മൂന്നു സുപ്രധാനഘടകങ്ങളാണു് വിജയസൌധത്തിന്റെ ആണിക്കല്ലുകളായി പരിലസിക്കുന്നതു്.

# 2

# ആനന്ദം

## അതിനുള്ള മൂന്നു രഹസ്യങ്ങൾ

ആനന്ദം പല തരത്തിലുണ്ട്. ഭിന്നസ്വഭാവമുള്ളവർ ആനന്ദത്തെ പല തരത്തിൽ വ്യാഖ്യാനിച്ചുവരുന്നു. അനുഭവങ്ങളുടെ സ്ഥിതിഭേദം ആനന്ദത്തിന്റെ കൂടുതൽ കുറവിനു കാരണമാവുന്നതാണ്. ഒരുവൻ അവന്റെ പ്രവൃത്തികളിൽ പരാജയമടഞ്ഞാലും സന്തോഷമുള്ളവനായിരുന്നുകൂടെന്നില്ല.

ലൌകികകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും ഉള്ള വിജയത്തിൽനിന്നും നമുക്കു ലഭ്യമാകുന്ന ആനന്ദം രണ്ടു തരത്തിലായിരിക്കും. നമ്മുടെ രാഷ്ട്രീയനേതാക്കന്മാർ പലരും അനവധി ത്യാഗങ്ങൾ സഹിച്ചു കഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ ആത്മീയജീവിതം ആനന്ദമുള്ളതായിരുന്നേക്കാം.

വിജയവും ആരോഗ്യവും ഉണ്ടായിരുന്നാൽതന്നെയും ഒരുവൻ ആനന്ദവാനായി കഴിഞ്ഞുകൂടണമെന്നു നിർബ്ബന്ധമില്ല. അനിയന്ത്രിതമായി പാഞ്ഞുകൊണ്ടിരിക്കുന്ന അത്യാസക്തിയോ അതിരുകടന്ന തൻകാര്യപ്രസക്തിയോ, സമാധാനബുദ്ധിയില്ലായ്മയോ, അഹങ്കാരമോ ഒരുവനെ ആനന്ദരഹിതനാക്കിത്തീർക്കുവാൻ തികച്ചും മതിയാവുന്നതാണ്.

വിജയവും ആരോഗ്യവും കൈവന്നാവരും പ്രധാനമായി അറിഞ്ഞിരിക്കേണ്ട മൂന്നു സംഗതികളുണ്ട്.

(1) ന്യായം പ്രവൎത്തിക്കുക, (2) ദയാതല്പരനായിരിക്കുക, (3) വിനയമുണ്ടായിരിക്കുക.

ന്യായം പ്രവൎത്തിക്കുക:— പ്രവൃത്തിയിലും ഉദ്ദേശത്തിലും സത്യസന്ധത പാലിക്കുക എന്നുള്ളതാണു് ന്യായം എന്ന പദംകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. ജീവിതവ്യാപാരങ്ങളിൽ വിജയം സമ്പാദിക്കുന്ന ആൎക്കും നിഷ്പ്രയാസം ഈ ഗുണം കരസ്ഥമാക്കാം. "Honesty is the best policy" "സത്യം ജയതിനാനൃതം" ഇത്യാദി പ്രമാണങ്ങളും പ്രായോഗികജീവിതവുമായി ചിലപ്പോൾ വലിയ അന്തരമുണ്ടാവുന്നുണ്ടു്. അനുഭവത്തിൽനിന്നും മനസ്സിലാക്കുന്ന പാഠങ്ങൾ പ്രമാണങ്ങളിൽ മാത്രം വിശ്വസിക്കുന്നതിനെക്കാൾ പ്രയോജനപ്രദങ്ങളാണു്.

ന്യായമായി മാത്രമേ പ്രവർത്തിക്കുകയുള്ളു എന്ന ശീലം പ്രയോഗത്തിൽ കൊണ്ടുവരാൻ ഏവരും ശ്രമിക്കേണ്ടതാണു്. രാഷ്ട്രീയമായോ സാമുദായികമായോ സാമ്പത്തികമായോ എന്നല്ല, ഏതുവിധത്തിലുള്ള പ്രവൃത്തിമണ്ഡലത്തിലും നീതിയായിത്തന്നെ പെരുമാറുകയും വിമൎശിക്കുകയും ചെയ്യുവാനുള്ള മനക്കരുത്തുണ്ടായിരിക്കണം.

ഒരു മനുഷ്യൻെറ സ്വഭാവത്തെപ്പററി യഥാൎത്ഥമായ ഒരു അഭിപ്രായം പറയുവാൻ കഴിയുന്നതു് അയാളുടെ സഹപ്രവൎത്തകൎക്കാകുന്നു. അവരുടെ അഭിപ്രായം

ളുത്തമമെങ്കിൽ അതിൽ വലിയ തെറവുണ്ടായിരിക്കയില്ല. അതുപോലെ ഒരുവൻെറ സഹപ്രവത്തകരുടെ സ്വഭാവ വൈശിഷ്ട്യത്തിൻെറ കൂടുതൽ കുറവനുസരിച്ചു് അയാറം നന്നാവുകയോ അധഃപതിക്കുകയോ ചെയ്യുന്നതുമാണു്.

ദയാതല്പരനായിരിക്കുക:—ദയ എന്ന ഗുണം ന്യായത്തിൽനിന്നും വിരുദ്ധസ്വഭാവമുള്ള ഒന്നായി ചിലർ കരുതിവരുന്നുണ്ടു്. യഥാത്ഥത്തിൽ അതു ശരിയല്ല. ദയയും നീതിയുമായി സംബന്ധമുണ്ടായിരിക്കണം. അല്ലെങ്കിൽ അതു കേവലം ഭോഷത്വമൊ ബലഹീനതയൊ ആയി അധഃപതിച്ചേക്കാവുന്നതാണു്. ദയവായി പെരുമാറുന്നതിനുമുൻപു് ഒരുവൻ തൻെറ ന്യായത്തിൽനിന്നും എത്രമാത്രം വ്യതിചലിക്കുന്നുണ്ടെന്നുള്ള നിശ്ചയം വരുത്തണം. പക്ഷെ ദയ എന്ന വിശിഷ്ട ഗുണം ഇപ്രകാരം മുന്നറിവു കൊടുക്കുന്ന ഒന്നായി മനുഷ്യനിൽ കണ്ടുവരുന്നില്ല. അതു് ആരും ക്രമേണ സമ്പാദിക്കേണ്ട ഒരു ഗുണമാകുന്നു.

വിനയമുള്ളവനായിരിക്ക:—വിനയശീലം ഉണ്ടാവുകയെന്നുള്ളതു് അത്ര എളുപ്പമല്ല. പല കാൎയ്യങ്ങളിലും വിജയിയായ ഒരുവനു് താഴ്മയെന്നതു് വിജയത്തിൻെറ വിപരീതസ്വഭാവമുള്ള ഒരു ശീലമായി തോന്നാം. സമ്പൽസമൃദ്ധിയിൽ വളരുന്ന ഒരുവൻ വിനയത്തിൻെറ യഥാത്ഥ മാഹാത്മ്യം അറിഞ്ഞില്ലെന്നുവരാം. താണനിലയിൽനിന്നും സ്ഥിരപ്രയത്നംകൊണ്ടു ഉന്നതപദവിയിലേക്കു കടന്നുവന്ന പലരും വിനയവാന്മാരായിട്ടാണു് സാധാരണ കണ്ടുവരാറുള്ളതു്. നമ്മുടെ പല രാഷ്ട്രീയനേതാക്കന്മാരും

വിശ്വവിഖ്യാതന്മാരായ മററു പലരും വിനയവും മര്യാദയും ഉള്ളവരാണെന്നു നമുക്കു കാണ്മാൻ കഴിയും.

വിജയകാംക്ഷയുള്ള ഏതൊരു വ്യക്തിയും വളരെ ശുഷ്കാന്തിയോടുകൂടി ശ്രമിച്ചു കൈവരുത്തേണ്ട ഒരു പ്രധാന സ്വഭാവവിശേഷമാണ് വിനയം. അന്യരെ അധിക്ഷേപിക്കുകയോ അവഹേളിക്കുകയോ ചെയ്യുന്നതു് ഒരു വലിയ പാപമായിട്ടുപോലും കരുതേണ്ടതാണ്. ഒരുവൻ അല്പം അധഃപതിച്ചവനെങ്കിൽ സദുപദേശങ്ങൾകൊണ്ടും, കാര്യമായ സഹായംകൊണ്ടും ഉദ്ധരിക്കുകയാണ് നാം ചെയ്യേണ്ട പ്രധാന കർത്തവ്യം. അന്യരെ നിന്ദിക്കുകയും കുററപ്പെടുത്തുകയും ചെയ്യുന്നതു് അക്ഷന്തവ്യമായ ഒരു അപരാധംതന്നെയാണ്. അഹങ്കാരത്തിൽനിന്നും അസൂയ മുതലായ ദുർഗ്ഗുണങ്ങൾ രൂപമെടുക്കുന്നു. അസൂയാനിരതനായ ഒരുവൻെറ ഹൃദയം ഒരിക്കലും സ്വസ്ഥമായിരിക്കയില്ല.

വിനയം ഭീരുത്വത്തിൽനിന്നും ആവിർഭവിക്കുന്നതാണോ ? അങ്ങിനെ കരുതേണ്ട ആവശ്യമില്ല. വിനയം സംസ്കാരത്തിൻെറയും താഴ്മയുടെയും ഫലമായി രൂപമെടുക്കുന്ന ഒരു വിശിഷ്ടഗുണമാകുന്നു. അതുപോലെ ധൈര്യം അഹങ്കാരമായി മാറണമെന്നുമില്ല. വിവേചനാശക്തിയുള്ള ഒരുവൻെറ പ്രവൃത്തിധീരത ഒരിക്കലും അഹങ്കാരം കൈക്കൊൾകയില്ല.

ശാരീരികവും മാനസികവുമായ ഗുണങ്ങൾ സ്വാഭാവികവും, വിനയം മുതലായവ അവരവരുടെ അടിയുറച്ച

മതവിശ്വാസത്തിൽനിന്നും കൈവരുന്നതും ആകുന്നു. ഒരുവന്റെ സാന്മാൎഗ്ഗികമായ വിവേചനാശക്തിക്കു വിലയുണ്ടാകണമെങ്കിൽ അഹങ്കാരമില്ലാതെ ധൈൎയ്യമായി പ്രവൎത്തിക്കുകയും ഭയലേശമില്ലാതെ വിനയപൂൎവ്വം വൎത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ സിദ്ധാന്തത്തെ യഥായോഗ്യം പാലിക്കുന്ന ഏതൊരു വ്യക്തിക്കും ആനന്ദം അതിന്റെ പരമാവധിവരെ അനുഭവിക്കാമെന്നുള്ളതു തർക്കമററ സംഗതിയാകുന്നു.

3

# ഭാഗ്യം

വിജയപ്രാപ്തിക്ക് വിവേചനാശക്തി, ഉത്സാഹം, ആരോഗ്യം എന്നിവയ്ക്കുള്ളതുപോലെ ഭാഗ്യത്തിനും പ്രധാനമായ ഒരു പങ്കുണ്ട്. വെറും ഭാഗ്യമാണ് ഒരുവനെ ഉത്തമനാക്കുന്നതെന്നുള്ള വിശ്വാസം പുരാതനകാലം മുതല്ക്കേ നിലനിന്നുപോരുന്ന ഒരു പരമാർത്ഥമാണ്. ഈ വിശ്വാസത്തിന്റെ യാഥാർത്ഥ്യം എത്രമാത്രമുണ്ടെന്നു പരിശോധിക്കുന്നതു ഉപയോഗപ്രദമായിരിക്കും.

സാഹചര്യങ്ങളുടെ കൂടുതൽ കുറവും, പ്രോത്സാഹനത്തിന്റെ സാദ്ധ്യതയും ഒരുവനെ നന്നാക്കുകയോ അധ:പതിപ്പിക്കുകയോ ചെയ്യും. ഒരു പ്രഭുകുടുംബത്തിൽ ജനിച്ച് ലക്ഷപ്രഭുവായി തീരുന്നവൻ ദരിദ്രകുടുംബത്തിൽ ജനിച്ച ഒരുവനേക്കാൾ ഭാഗ്യവാനാണെന്നു സാമാന്യമായി സമ്മതിക്കാം.

ജന്മനാതന്നെ മനുഷ്യൻ ഭാഗ്യവാനായോ നിർഭാഗ്യവാനായോ ജനിക്കുന്നുവെന്നാണ് മററു ചിലരുടെ അഭിപ്രായഗതി. ചിലക്ക് ശാസ്ത്രങ്ങളിലും മററു ചിലക്ക് കലകളിലും പ്രത്യേകാഭിരുചി കാണപ്പെടുന്നതുപോലെ ഭാഗ്യവും ജനനാൽതന്നെ ഉള്ള ഒന്നാണെന്നു അവർ സമർത്ഥിക്കുന്നു. ഈ അഭിപ്രായം ഒരു ചൂതുകളിക്കാരന്റെ ഭാഗ്യം ഓരോ പ്രാവശ്യവും കരുക്കൾ എറിയുന്നതിനെ

ആശ്രയിച്ചിരിക്കുന്നു എന്ന വിശ്വാസംപോലെയാണു്. സാമത്ഥ്യമൊ പരിചയമൊ ജയത്തിലേക്കു വഴി തെളിക്കുന്നുവെന്നുള്ള തത്വത്തോടു ഇതു യോജിക്കുന്നില്ല.

ഭാഗ്യത്തെപ്പററിയുള്ള ഈ ധാരണ മനസ്സിലെ ഒരു ദുഃസ്വപ്നമൊ സംഭ്രമമൊ പോലെയാണെന്നുള്ളതിൽ സംശയമില്ല. ഈ മനോഭാവം തൊഴിൽപരമായ കാൎയ്യങ്ങളിൽ പ്രത്യേകിച്ചു ദോഷംചെയ്യുവാൻ ഇടവരുത്തും. യാദൃശ്ചികസംഭവങ്ങളെ ആശ്രയിച്ചു ജയാപജയങ്ങൾ വരാവുന്ന പല മത്സരക്കളികൾക്കും മററു സംഗതികൾക്കെന്നപോലെ ചില നിയമസംഹിതകളുണ്ടു്. അതിൻ പ്രകാരം സമത്ഥനായ കളിക്കാരൻ അസമത്ഥനെ തോല്പിക്കുകതന്നെ ചെയ്യും.

ഭാഗ്യപരീക്ഷകളിൽ ചിലക്കു വലിയ തുകകൾ കിട്ടിയതായി വത്തമാനപ്പത്രങ്ങളിൽനിന്നും മററും നാം മനസ്സിലാക്കാറുണ്ടു്. ഇത്തരം പ്രവത്തനങ്ങൾ നടത്തുന്നവർ പരസ്യത്തിൻെറ വിലയെപ്പററി നല്ലവണ്ണം അറിഞ്ഞവരാണു്. ഭാഗ്യത്തിൽ വിശ്വസിക്കുന്ന ആരിലും ചൂതുകളിക്കാരനുള്ള ഭ്രമത്തിൻെറ ഒരംശം ഉണ്ടെന്നു പറയാതെ തരമില്ല. ഈ ഭ്രമത്തെ അതിൻെറ ആരംഭദശയിൽ തന്നെ നുള്ളിക്കളയുവാൻ എല്ലാപേരും പ്രത്യേകം ശ്രമിക്കേണ്ടതാണു്. ഉത്സാഹത്തെക്കാൾ കൂടുതൽ അത്യാശയുള്ള വ്യക്തികളെ ഈ ഭ്രമം വല്ലാത്ത അലട്ടുന്നതാണു്. ഭാഗ്യം ഒരു ദേവതയെന്നപോലെ സ്വൎഗ്ഗത്തിൽനിന്നു പറന്നെത്തി അനുഗ്രഹിക്കുന്ന ഒന്നാണെന്നു് ഇക്കൂട്ടർ ബലമായി വിശ്വസിക്കുന്നു.

ഭാഗ്യത്തെപ്പററി സാധാരണ പറഞ്ഞുവരാറുള്ള മറെറാരഭിപ്രായം ഇത്തരത്തിലല്ല. ചിലരുടെ വ്യാപാരങ്ങളിൽ ഭാഗ്യം ഒരിക്കൽപോലും തീണ്ടിയിട്ടില്ല എന്നുള്ള ആവലാതിയാണ് അധികവും കേട്ടുവരാറുള്ളതു്. ഉത്സാഹക്കുറവുകൊണ്ടുള്ള പരാജയത്തെ ഭാഗ്യദേവതയുടെ അനുഗ്രഹമില്ലായ്മയായി പരിഗണിച്ച് അവർ സമാധാനപ്പെടാറുണ്ട്.

ഭാഗ്യത്തെപ്പററിയുള്ള ഈ ഭ്രമം മററു ചിലരിൽ വേറൊരു തരത്തിൽ രൂപമെടുക്കുന്നു. ചില യുവാക്കന്മാർ അവക്ക് സന്ദർഭം ലഭിച്ചാൽ എന്തൊരു ധീരകൃത്യവും ചെയ്യാൻ കഴിവുള്ളവർാണെന്നും പക്ഷെ ആ സന്ദർഭം അവക്ക് ലഭ്യമാകുന്നില്ലെന്നുമാണു പരാതി. ഇക്കൂട്ടർ അവക്ക് ലഭ്യമാകുന്ന സന്ദർഭങ്ങളെത്തന്നെ പാഴാക്കിക്കളയുന്നവരാണ്. സാമാന്യമായ ഒന്നുംതന്നെ അവരുടെ ദൃഷ്ടിയിൽ സ്വീകാര്യമാവുന്നില്ല: യഥാർത്ഥത്തിലുള്ള സ്ഥാനമാനങ്ങൾ അവക്ക് ഭാഗ്യദേവത നൽകുന്നില്ലെന്നു പറഞ്ഞു് പ്രവൎത്തനരഹിതരായി അവർ ജീവിതം നയിക്കുന്നു. സാമാന്യപ്രാപ്തിയുള്ള ഒരുവൻ മദ്യപാനമൊ മററു ദുർവൃത്തികളൊകൊണ്ടു് അല്പനും അലസനും ആയിത്തീരുന്നതുപോലെ ഇത്തരക്കാർ അധഃപതിക്കുന്നു.

യഥാൎത്ഥത്തിൽ വിജയം കാംക്ഷിക്കുന്ന ഒരുവൻെറ മാനസികമായ നില മുൻപറഞ്ഞതിൽനിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കും. "ഭാഗ്യംവരുന്നതു" കാത്തിരിക്കാതെ കിട്ടുന്ന സന്ദർഭങ്ങൾ യഥാവിധി പ്രയോജനപ്പെ

ടുത്തുവാൻ അയാറം തുനിയുന്നു. പരിചയക്കുറവുകൊണ്ടു് ആദ്യകാലത്തിൽ ചില തെററു സംഭവിച്ചുവെന്നുവരാം. എന്നാൽ ആ പരാജയം, ഭാവി ജീവിതത്തിൻെറ ഒരു പാഠമായി അയാറം കരുതുന്നു. അയാറം ഒരിക്കലും യോഗമില്ലായ്മയെ പുച്ഛിക്കുവാൻ തയാറാവുന്നില്ല.

രാഷ്ട്രീയമായും വ്യാവസായികമായും മററും വലിയ കാര്യങ്ങളിൽ ഇടപെട്ടു് വിശ്രുതരായവർ അവരുടെ ജന്മവാസനകൊണ്ടു വിജയംനേടുകയാണെന്നു തോന്നിപ്പോകും. യഥാർത്ഥത്തിൽ അങ്ങിനെയല്ല. അവർ കാര്യങ്ങറം ശരിയാംവണ്ണം പഠിച്ചു്, കാലാകാലങ്ങളെ താരതമ്യവിവേചനംചെയ്തു മനസ്സിലാക്കി പ്രവർത്തിച്ചു വിജയം കൈവരിക്കുകയാണുചെയ്യുന്നതു്. വിവേചനാശക്തിയുള്ള ഒരുവനുമാത്രമേ മുൻപറഞ്ഞ തരത്തിൽ വിജയിയാകുവാൻ സാധിക്കുകയുള്ളു.

ഇററലിയിലെ "മോണ്ടികാർലൊ" എന്ന സ്ഥലത്തുള്ള ആളുകറം ഭാഗ്യദേവതയെ പ്രധാനമായി പൂജിച്ചു വരുന്നു. അവിടുത്തെ പ്രകൃതി മനോഹരവും ആരോഗ്യത്തെ പ്രദാനംചെയ്യുവാൻ പര്യാപ്തവുമാണു്. എന്നാൽ തദ്ദേശവാസികളായ യുവതീയുവാക്കന്മാർ കൊള്ളരുതാത്തവരും അപ്രാപ്തരുമായി പരിണമിക്കുന്നു. ഭാഗ്യദേവതയെ പ്രതീക്ഷിച്ചിരിക്കുന്ന അവർ കാലക്രമംകൊണ്ടു തികഞ്ഞ മടിയന്മാരായി അധഃപതിക്കുന്നു. അതോടൊപ്പം അക്രമവും അഴിമതിയും നാടാകെ നടമാടുകയും ചെയ്യുന്നു.

നവീനകാലത്തെ വൻകിട നേതാക്കന്മാരിൽ പലരുടെയും ബാല്യകാലത്തെ പരിസരങ്ങളും ജീവിതക്രമങ്ങളും "മൊണ്ടികാർലോയിൽ" ഉള്ളതിൽനിന്നും വളരെ വ്യത്യസ്തമാണ്. ഈ നേതാക്കന്മാരാരുംതന്നെ ഭാഗ്യം വരുമെന്നു വിചാരിച്ചിരിക്കാതെ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചു നേതൃത്വത്തിലേക്കു നീങ്ങുകയാണ് ചെയ്തതു്. ഈ നേതാക്കന്മാരെയെല്ലാം ഇന്നത്തെ യുവതീയുവാക്കന്മാർക്കു മാതൃകയായി തെരഞ്ഞെടുക്കാവുന്നതാണ്. ഇവർ വെട്ടിത്തെളിച്ചിട്ടുള്ള പാതയിൽക്കൂടി പുരോഗമിച്ചാൽ ആർക്കും വിജയം കൈവരിക്കാം.

നാം യശസ്സിനും സമ്പത്തിനും കാംക്ഷിക്കുന്നതു് സ്വാഭാവികവും അനുപേക്ഷണീയവുമായ ഒരു കർത്തവ്യമാണ്. എന്നാൽ അതു ഭാഗ്യംകൊണ്ടുമാത്രം കൈവന്നുകൊള്ളുമെന്നു വിശ്വസിച്ചു അടങ്ങിയിരിക്കുന്നതു മൂഢത്വമാകുന്നു. ഭാരതനിവാസികളായ ഓരോ സ്ത്രീയ്ക്കും പുരുഷനും മഹത്തായ അനവധി കടമകളും അതനുസരിച്ചു പ്രവർത്തിക്കുവാനുള്ള ചുമതലകളുമുണ്ടു്. സ്ഥിരപ്രയത്നവും ബുദ്ധിശക്തിയും മാത്രമേ അതിനു സഹായകമാവൂ. അപ്രകാരം സന്ദർഭങ്ങളെ യഥാവിധി പ്രയോജനപ്പെടുത്തി നമുക്കു വിജയം കരസ്ഥമാക്കാം.

4

# സ്വസംയമനം

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

വിവേചനാശക്തി, ഉത്സാഹം, ആരോഗ്യം എന്ന മൂന്ന പ്രധാനഘടകങ്ങൾക്കും പുറമേ സംയമനശക്തി എന്ന ഗുണവും ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ്. മിതമായ ജീവിതം നയിക്കുവാൻ കഴിയുന്നത് സംയമന ശക്തിയുടെ ഒരു പ്രത്യക്ഷലക്ഷണമത്രേ.

പുരാതനകാലത്തെയും നവീനകാലത്തെയും ചരിത്രം പരിശോധിക്കുന്നതായാൽ ലഘുവും ക്രമീകൃതവുമായ ജീവിത ചര്യകൊണ്ടു വളരെ ഉന്നതിയെ പ്രാപിച്ച പലരെയും നമുക്കു കാണ്മാൻ കഴിയും. എന്നാൽ ആഡംബരപ്രിയരും അമിതവ്യയശീലരുമായ ചുരുക്കം ചിലരും നല്ല നിലയിൽ എത്തിയിട്ടുണ്ടെന്ന സമ്മതിക്കാതെ തരമില്ല. വ്യത്യസ്തത കൾ എവിടെയും ഉണ്ടാകാമെന്നുള്ളതുപോലെയല്ലാതെ ജീവിതമാതൃകയായി ആരും അവരെ കരുതുന്നില്ല. കൃത്രിമ ബുദ്ധികളുടെയും ദുർമ്മാർഗ്ഗികളുടെയും കാലം കഴിഞ്ഞുവെന്നു പറയാതെ തരമില്ല. അവ്യവസ്ഥിതമായ ജീവിതമാർഗ്ഗ മവലംബിച്ചിട്ടുള്ളവർ അല്പായുസ്സുകളും ആരോഗ്യഹീനരും ആയിത്തീരുന്നത് ഒരു സാധാരണ സംഭവമായി ഇന്നു തീർന്നിരിക്കുകയാണ്. ഏകാഗ്രതയോടും ബുദ്ധിപൂർവ്വമായും പെരുമാറുന്നവർക്കുമാത്രമേ ജീവിതം വിജയത്തിൽ എത്തി ക്കുവാൻ സാധിക്കുകയുള്ളു.

കമ്മധീരന്മാർ ആരോഗ്യത്തെ എല്ലാററിലും ഉപരിയായി സൂക്ഷിച്ചുപോരുന്നു. വിഷയലമ്പടത്വമോ മററു തരത്തിലുള്ള ദുർമ്മാർഗ്ഗജീവിതമോ തങ്ങളുടെ ആരോഗ്യത്തെ നഷ്ടപ്പെടുത്തുവാൻ അവർ സമ്മതിക്കുന്നില്ല. ആരോഗ്യരഹിതനായ ഒരുവനിൽനിന്നു് ദീനാനുകമ്പ, ധൈൎയ്യം, ത്യാഗസന്നദ്ധത മുതലായ ഗുണങ്ങൾ അകന്നുപോവുന്നു. ജീവിതത്തെ സൎവ്വദാ അതൃപ്തി നിറഞ്ഞ കണ്ണുകളിൽക്കൂടി മാത്രമേ അവൎക്കു ദർശിക്കുവാൻ കഴികയുള്ളൂ.

സംയമനശക്തിയുള്ളവർ വികാരങ്ങൾക്കധീനരാവുകയില്ല. കാമക്രോധാദിദോഷങ്ങളൊന്നും അവരെ ബാധിക്കുന്നതല്ല. വികാരങ്ങൾ അവൎക്കടിമയാവുകയല്ലാതെ വികാരങ്ങൾ അവരെ ജയിച്ചു കീഴടക്കുവാൻ അവർ സമ്മതിക്കുന്നതല്ല.

ഉന്നതനിലയെ പ്രാപിക്കണമെന്നു അഭിലഷിക്കുന്ന ഏതൊരു യുവാവും ലഹരിപദാൎത്ഥങ്ങൾ ഉപയോഗിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇന്നത്തെ ജനകീയഗവണ്മെൻറു മദ്യനിരോധനം ഏൎപ്പെടുത്തിയിട്ടുള്ളതു് എത്രയോ ശ്ലാഘാർഹമായ ഒരു കൃത്യമാണു്. സാമുദായികമായ അനാചാരങ്ങളെ നിയമംകൊണ്ടു തടയുന്നതിനെ ചിലർ എതിൎക്കുമെങ്കിലും, അതിൽനിന്നുമുള്ള ഗുണത്തെപ്പററി ചിന്തിക്കുമ്പോൾ, മദ്യനിരോധനം എത്രയോ വലിയ ഒരു അനുഗ്രഹമാണെന്നു സമ്മതിക്കാതിരിക്കുവാൻ തരമില്ല. എന്നാൽ ശീതമേഖലയിൽ വസിക്കുന്നവൎക്കു മദ്യനിരോധനം വിജയകരമാകയില്ലായിരിക്കാം. സാമുദായികസദാചാരത്തെ നിലനിൎത്തുവാൻ ഓരോരുത്തരും മുൻകൈ എടുത്തു പ്രവൎത്തിക്കേണ്ടതാണു്. വ്യാപാരകാൎയ്യ

ങ്ങളിൽ പ്രവേശിക്കുന്നവർ മദ്യപാനികളായിത്തീർന്നാൽ ആ ആപത്തിൽനിന്നും ഒരിക്കലും വിമുക്തരാവുന്നതല്ല.

ശരിയായ നിലയിൽ ജീവിതം നയിക്കുന്ന ഒരുവൻ വൃദ്ധനായി കഴിഞ്ഞാൽതന്നെയും യുവസഹജമായ ഉന്മേഷവും ഓജസ്സും മുഖത്തു കളിയാടുന്നതായി കാണാം. അങ്ങിനെയുള്ള ഒരുവൻെറ ജീവിതത്തെ ശരിയായി വിശകലനംചെയ്തു നാം പഠിക്കുന്നെങ്കിൽ അതിൽ വളരെയധികം ജീവിതയാഥാർത്ഥ്യങ്ങൾ ഒളിച്ചു കിടപ്പുണ്ടെന്നു കാണുവാൻ കഴിയും. വിപരീതപരിതഃസ്ഥിതികളുടെ കഠിനസമ്മർദ്ദത്തിൽ ഒട്ടും ഉലയാതെ സ്വപരിശ്രമംകൊണ്ടു അസൂയാർഹമായ വിധം ഔന്നത്യം പ്രാപിച്ച ഒരു കർമ്മയോഗിയായിരിക്കാം അദ്ദേഹം. അർദ്ധപട്ടിണിയിൽ കഴിഞ്ഞുകൂടിയിരുന്ന അദ്ദേഹം ഇന്നു സുഭിക്ഷതയിൽ കഴിയുന്നുണ്ടാവാം. മറവിൽ മറഞ്ഞു കിടന്നിരുന്ന ആ നാമധേയം ഇന്നു പൊതുജനരംഗത്തു സുപരിചിതമാണെന്നു വരാം. ഒരു വാചകംപോലും പൂർത്തിയാക്കുവാൻ കഴിവില്ലാതിരുന്ന ആ തൂലിക അനവധി ഗ്രന്ഥങ്ങൾ ഇന്നു ചമച്ചു കഴിഞ്ഞിട്ടുണ്ടായിരിക്കാം. അങ്ങിനെ പടുകുഴിയുടെ അഗാധതയിൽനിന്നും ജീവിതത്തിൻെറ വെളിച്ചത്തിലേക്കു വന്നിട്ടുള്ളതാണു് ആ പാവനജീവിതം. ഭാരതത്തിൻെറ അങ്ങോളമിങ്ങോളം നാം ഒന്നു കണ്ണോടിച്ചാൽ ഈവിധം അഭ്യുന്നതിയെ പ്രാപിച്ച ബഹുസഹസ്രംപേരെ നമുക്കു കാണുവാൻ കഴിയുന്നതാണു്. പാശ്ചാത്യരാജ്യങ്ങളിലേക്കു കടന്നാലും മുൻപറഞ്ഞവിധം സ്വപരിശ്രമംകൊണ്ടു കുറവുകൾ പരിഹരിച്ചു വിശ്രുതരായ പല മഹാന്മാരുടെയും ചരിത്രം നമുക്കു മനസ്സിലാക്കുവാൻ കഴിയും.

ആതൻസിലെ പ്രസിദ്ധ വാഗ്മിയായിരുന്ന ഡിമോസ്ത നീസ് ഒരു വിക്കനായിരുന്നു. എന്നാൽ ചെറിയ കൽക്കഷണങ്ങൾ വായിലിട്ടുകൊണ്ടു സംസാരിച്ചും വീട്ടിലിരുന്നു പുസ്തകങ്ങൾ ഉറക്കെ വായിച്ചും ആ കുറവു പരിഹരിച്ചു. ചില മഹൽസ്സദസ്സുകളിൽ തൻെറ പ്രസംഗം വളരെ ധ്രുതഗതിയിലാകുന്നുവെന്നു മനസ്സിലാക്കിയ അദ്ദേഹം സമയക്ലിപ്തി വരുത്തിക്കൊണ്ടു് സംസാരിച്ചു് ആ ദൂഷ്യം ഇല്ലാതാക്കി. ഡിമോസ്തനീസിനു പ്രസംഗവേളകളിൽ അനാവശ്യമായ അഭിനയങ്ങൾ ആദികാലങ്ങളിൽ ഉണ്ടായിരുന്നു. കണ്ണാടിയുടെ മുൻപിൽനിന്നു സംസാരിച്ചു് കാലക്രമേണ ആ കുഴപ്പവും അദ്ദേഹത്തിനു ഇല്ലാതാക്കാൻ സാധിച്ചു. സ്ഥിരോത്സാഹംകൊണ്ടു ഏതു കാര്യമാണു് സാധിക്കാൻ കഴിയാത്തതു്. നിത്യാഭ്യാസി ആനയെ പ്പോലും എടുക്കുമെന്നാണല്ലൊ ആപ്തവാക്യം.

ഇന്നത്തെ ജീവിതമാഗ്ഗത്തിൽ നാം പല പ്രലോഭനങ്ങൾക്കും വശംവദരാകുവാൻ ഇടയുണ്ടു്. പ്രസ്തുത പ്രലോഭനങ്ങളെ ദൂരീകരിക്കുവാൻ സംയമനശക്തിയുള്ളവർക്കു മാത്രമേ സാധിക്കുകയുള്ളൂ. മനുഷ്യൻ യന്ത്രങ്ങളുടെ യജമാനനും അതേ സമയത്തു ആശ്രിതനുമാണു്. ആധുനികകാലത്തിലെ ഘോരമായ കലാപങ്ങളുടേയും വഞ്ചന നിറഞ്ഞ പരിതഃസ്ഥിതികളുടേയും, ഇടയിൽക്കൂടി വിവേചനാശക്തിയെ പാലിക്കുന്നതിനും ആരോഗ്യത്തെ സ്ഥിരമായി സംരക്ഷിക്കുന്നതിനും സംയമനം — അച്ചടക്കം അനുപേക്ഷണീയമാണു്. അതു കൈവരുത്തുവാൻ നാം ഓരോരുത്തരും സ്ഥിരപരിശ്രമം നടത്തേണ്ടതാണു്.

# 5

## പണം

പണത്തെപ്പററി കുറഞ്ഞൊന്നു വ്യവഹരിക്കുവാൻ തുടങ്ങുന്ന ഈ അവസരത്തിൽ നാം കേവലം പ്രാപഞ്ചിക കാര്യങ്ങളെ മാത്രം പ്രധാനമായി കരുതുന്നു എന്നു ധരിക്കരുതു്. ആത്മീയമായും, കലാപരമായും, എന്നുവേണ്ട വിവിധനിലകളിലും നാം ഉന്നതിയെ പ്രാപിക്കുവാൻ ബദ്ധശ്രദ്ധരായി കഴിഞ്ഞുകൂടുകയാണു്. എന്നാൽ ഇവിടെ ലോകവ്യാപാരങ്ങളിൽ വിജയം നേടുവാനുള്ള മാർഗ്ഗങ്ങളെ പ്രധാനമായി പ്രസ്താവിക്കണമെന്നാണുദ്ദേശിക്കുന്നതു്. ലൌകികമായ ഏതൊരു വിജയസിദ്ധിക്കും പണം അനുപേക്ഷണീയമായ ഒന്നായി തീർന്നിരിക്കയാണു്. അതിൻെറ സമ്പാദനമാർഗ്ഗത്തെപ്പററി നമുക്കു ചിന്തിക്കാം. പണം എന്ന പദം കേൾക്കുമ്പോൾ ഏതോ മാന്ത്രികശക്തിയിൽനിന്നും രൂപമെടുക്കുന്ന ഒരു സ്വപ്നത്തിൻെറ പ്രതീതി നമ്മിൽ ഉളവാകുന്നു. അതിനെ ഏതാഗ്രഹവും സാധിപ്പിക്കുന്ന ഒരു അനുഗൃഹീതരത്നമായോ കാമധേനുവായോ നാം കരുതുന്നു.

പണസമ്പാദനത്തിൽ ശ്രദ്ധിക്കേണ്ട രണ്ടു പ്രധാന സംഗതികളുണ്ടു്.

(1) പണം ആർജ്ജിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മനഃസ്ഥിതി. (2) പണക്കാരൻ ആയശേഷം അതു വിനിയോഗിക്കുന്നതിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ.

പണം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും സ്ഥിരത, ഏകാഗ്രത, മിതവ്യയം, സ്വസംയമനം എന്നീ ഗുണങ്ങൾ അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. പണം സമ്പാദിക്കുമ്പോൾ അനുഷ്ഠിക്കേണ്ട മേൽ പറഞ്ഞ സംഗതികൾ നല്ല ഒരു പണക്കാരനായശേഷവും തുടരുന്ന പക്ഷം നാം പുരോഗതിയിലേക്കു നീങ്ങിക്കൊള്ളും. മുൻ പറഞ്ഞ കഴിവിനെ പണം ഉപയോഗിക്കുവാനുള്ള ശക്തി എന്നു സാമാന്യമായി പറയാം.

പണം ആർജ്ജിച്ച ഒരുവൻ അതു യഥാവിധി വിനിയോഗിക്കുവാൻ കഴിവില്ലാത്തവനെങ്കിൽ പരാജയം അടയുന്നതാണ്. അതുകൊണ്ടു നാം സ്വത്തു സമ്പാദിക്കുമ്പോഴുള്ള ശ്രദ്ധയും പരിശ്രമവും അതു ചെലവഴിക്കുമ്പോഴും ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു.

ചെറിയ ചെറിയ വ്യാപാരങ്ങളിൽ ആരംഭിച്ച് കാര്യമായ ചുറുചുറുക്കോടുകൂടി പരിശ്രമിച്ച് വൻവ്യവസായപ്രമുഖന്മാരായിത്തീർന്ന പലരും ഇന്നു നമുക്കു മാതൃകയാണ്.

കച്ചവടത്തിൽ വാസനയുണ്ടാകണമെങ്കിൽ ഒന്നാമതായി വാണിജ്യവിഭവങ്ങളുടെ നിലവാരവും ചരക്കു വിററഴിക്കുവാനുള്ള വിപണികളും കണ്ടുപിടിക്കണം. ഈശ്വരാനുഗ്രഹമില്ലാത്ത ഒരുവൻ ഒരു കച്ചവടക്കാരനായി അഭിവൃദ്ധിപ്പെടുമോ എന്നുള്ള കാര്യം സംശയമാണ്. എന്നാൽ ഈശ്വരദത്തമായ ആ കഴിവ് അല്പമാത്രമായി

ട്ടെങ്കിലും ഉള്ള ഒരുവൻവേണ്ട പ്രോത്സാഹനം നല്കിയാൽ ക്രമേണ അതു വികസിച്ചു പൂർണ്ണതയെ പ്രാപിക്കും. ചിലർ വളരെ ചെറുപ്രായത്തിൽതന്നെ കച്ചവടച്ചരക്കുകളുടെ വില നിശ്ചയിക്കുന്നതിനും അതു ലാഭകരമായ വിധത്തിൽ വിററഴിക്കുന്നതിനും സമർത്ഥന്മാരായിത്തീരുന്നു. കൌമാര പ്രായത്തിൽതന്നെ ലഭ്യമാവുന്ന ഈ കഴിവിനെ അഭിവൃദ്ധിപ്പെടുത്തിയും തെററുകളെ തിരുത്തൽചെയ്തും മുന്നോട്ടു പോയാൽ ഏതു വ്യാപാരവും വിജയത്തിൽ എത്തിക്കാം.

ഒരു യുവാവിനു മുൻപറഞ്ഞവിധം കച്ചവടകാര്യത്തിൽ സാമർത്ഥ്യവും മററും ഉണ്ടാകുന്നതോടൊപ്പം മിതവ്യയം ശീലിച്ചില്ലെങ്കിൽ അതു നാശമാവും. വ്യാപാരത്തിൽ സൂക്ഷ്മത അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട ഒരു ഗുണമാണു്. വരവുചെലവുകളെ മനസ്സിലാക്കി, ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തിയശേഷമേ ധനപ്രശ്നങ്ങളിൽ ഇടപെടാവൂ.

ഭാവിയിൽ ലാഭമുണ്ടാകുന്നതിനുവേണ്ടി പല വഴികളിൽകൂടി ഓരോരുത്തർ ശ്രമം നടത്തുന്നു. കാലവൈപരീത്യത്താൽ ഈ ലാഭം അവൎക്കു കിട്ടിയില്ലെന്നുവരാം മററു ചിലർ പ്രസ്തുത വ്യാപാരത്തിൽ പ്രവേശിച്ചു് ആ ലാഭം എടുത്തുവെന്നും വന്നേക്കാം. ചിലർ കച്ചവട സംബന്ധമായ കാര്യങ്ങളിൽ അവൎക്കു നൈപുണ്യം ഉണ്ടാവുന്നതുവരെ ക്ഷമയോടുകൂടി തുടൎന്നുകൊണ്ടുപോയില്ലെന്നും വന്നുകൂടാവുന്നതാണു്. എന്നാൽ ഒരു വ്യവസായം ശരിയായി നടത്തി ലാഭത്തിൽ എത്തിക്കുവാൻ കഴിയുന്ന ഒരു

വന്ന് പല വൻതരം വ്യവസായങ്ങളിൽ പ്രവേശിച്ചു പ്രയത്നിക്കുന്നതിനു തടസ്സങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

നാം ഒരു തോടോ, ചാലോ വെട്ടുന്നുവെന്നിരിക്കട്ടെ. ആദ്യംതന്നെ അതിർകവിഞ്ഞ വീതിയൊ ആഴമൊ അതിനുണ്ടായിരിക്കുന്നതു നന്നല്ല. കുറേശ്ശയായി തീൎത്ത് ഒടുവിൽ നാം ഉദ്ദേശിച്ചിരുന്ന വീതിയിലും ആഴത്തിലും എത്തിക്കാം. "പഴ്വേ തിന്നാൽ പനയും തിന്നാം" എന്നാണല്ലൊ പഴഞ്ചൊല്ല്. ഈ മഹദ്വചനം യഥാൎത്ഥത്തിൽ മനസ്സിലാക്കി പ്രവൎത്തിക്കാത്തതുകൊണ്ട് കഴിവുകളുള്ള പലേ ചെറുപ്പക്കാരും അധഃപതിച്ചുപോയിട്ടുണ്ട്. അപാകതകൊണ്ടും, ആവശ്യത്തിനു തക്കവണ്ണം പണശേഷി ഇല്ലാത്തതുകൊണ്ടും, പല പദ്ധതികളിൽനിന്നും പരാജയമടഞ്ഞു പിൻവാങ്ങുന്ന ധാരാളം പേരെ നമുക്കു കാണുവാൻ കഴിയും. സാധനങ്ങളുടെ യഥാൎത്ഥ നിലവാരം, നമുക്കു ഇടപെടേണ്ട ആളുകളുടെ സ്വഭാവം ഇവയെ ശരിയാംവണ്ണം അറിയുകയും മിതവ്യയം ശീലിക്കുകയും ചെയ്താൽ ഏതൊരു വ്യാപാരത്തിലും നമുക്കു വിജയം നേടാവുന്നതാണ്.

വ്യവസായങ്ങളിൽ നമുക്ക് ആദ്യമാദ്യം ഉണ്ടാവുന്ന പ്രയാസങ്ങൾ കാൎയ്യമാക്കാതെ പുരോഗമിച്ചാൽ നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരാം. വന്നുചേരുന്ന പ്രതിബന്ധങ്ങളെ ശരിയായി മനസ്സിലാക്കി അവ വീണ്ടും സംഭവിക്കാതിരിക്കാൻ ശ്രമിക്കണം. ഓരോ സന്ദൎഭത്തിലും നമ്മുടെ വ്യാപാരം അഭിവൃദ്ധമാകുവാൻ സഹായിച്ച

D. H. 22250
KOTTAYAM PUBLIC LIBRARY
43500

പരിതഃസ്ഥിതികൾ സൃഷ്ടിക്കുവാൻ വീണ്ടുംപരിശ്രമിക്കണം. ഒരു ന്യായമായ നില കൈവന്നു കഴിഞ്ഞാൽ, പരിചയം കൊണ്ടും കാൎയ്യക്ഷമമായ പ്രവൎത്തനംകൊണ്ടും അഭിവൃദ്ധിയെ പ്രാപിക്കാം.

ഇന്നു നാം കാണുന്ന വൻകിട വ്യവസായനേതാക്കന്മാർ എല്ലാംതന്നെ ഉന്നതപദവിയിൽ എത്തിയതു് മുൻപറഞ്ഞ പ്രമാണങ്ങൾ അനുസരിച്ചു പ്രവൎത്തിച്ചതുകൊണ്ടാണെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും. ശരിയായ നിലയിൽ പ്രവൎത്തിച്ചു് ഉന്നതസ്ഥാനത്തിൽ എത്തിച്ചേരുവാൻ കഴിഞ്ഞ അവരെല്ലാംതന്നെ യഥാൎത്ഥമായ വിജയവും ആനന്ദവും അനുഭവിക്കുന്നവരുമാണു്.

ഏതൊരു വ്യവസായിയെയും കൃതകൃത്യനാക്കുന്നതു് അയാളുടെ വ്യാപാരത്തിലുള്ള അടിയുറച്ച വിശ്വാസമാണു്. തന്റെ വ്യാപാരം നിശ്ചയമായും ലാഭകരമാവുമെന്നുള്ള വിശ്വാസം ഏതൊരു വ്യവസായിക്കും ഉണ്ടായിരിക്കണം. ഭീരുവായ ഒരുവന്റെ വ്യാപാരം അധഃപതിക്കാൻ ന്യായമുണ്ടു്. എന്നാൽ സ്ഥിരചിത്തനായ പണക്കാരൻ വീണ്ടും വീണ്ടും വ്യാപാരങ്ങളിൽ ധൈൎയ്യമായി ഇടപെടുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു.

ഒരു പണക്കാരനായി എന്നു കരുതി ഒരുവൻ എല്ലാ പ്രകാരത്തിലും മേന്മയുള്ളവനാണെന്നു് അഭിമാനിക്കുവാൻ കഴിവുണ്ടോ എന്നൊരു സംശയം ഇവിടെ ഉദിക്കുവാൻ ന്യായമുണ്ടു്. ഒരു പണക്കാരനു് മറേറതൊരു പശ്ചാ

ത്തലത്തിലും പ്രവത്തിച്ചു നല്ല സ്ഥാനം കരസ്ഥമാക്കുവാൻ സാധിക്കാതിരിക്കണമെന്നില്ല. എന്നുതന്നെയല്ല, ഏതു രംഗത്തും, മററുള്ളവരെക്കാഠം അയാഠംക്കു് കൂടുതൽ പരിശോഭിക്കുവാൻ കഴിഞ്ഞു എന്നും വരാവുന്നതാണു്. ഒരു നല്ല പണക്കാരനു് രാഷ്ട്രീയമായും സാമുദായികമായും സാഹിത്യപരമായും, എന്നുവേണ്ട, പല നിലകളിലും ശോഭിക്കുവാൻ കഴിയും.

ബുദ്ധിമാനായ ഒരുവനു് ആധുനികകാലത്തു പണം ഉണ്ടാക്കുവാൻ വളരെയധികം കഴിവുകളുണ്ടു്. ഇന്നു പണസമ്പാദനത്തിനുവേണ്ടി ആളുകഠം തീവ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണു്. രാഷ്ട്രീയമായോ സാഹിത്യപരമായോ മററോ ഒരു വൻകിടനേതാവാകുകയെന്നുള്ളതു് അത്രകണ്ടു സുഗമമായ ഒരു കാര്യമല്ല. ഒന്നോ രണ്ടോ നൂററാണ്ടിനിടക്കു കൈവിരലിൽ എണ്ണുവാൻമാത്രം രണ്ടോ മൂന്നോ അസാധാരണ രാഷ്ട്രീയതാരങ്ങളെ നമുക്കു കാണുവാൻ സാധിച്ചു എന്നു വന്നേക്കാം. ഭരണപരമായ കാര്യങ്ങളിലും മുൻഗണനയിലേക്കു വന്നിട്ടുള്ളവർ എത്രയോ ചുരുക്കമാണു്. എന്നാൽ വ്യാപാരലോകത്തിൽ നന്നാകാനുള്ള സാദ്ധ്യത ഇതിനേക്കാഠം എത്രയോ വിപുലമാകുന്നു.

ക്രയവിക്രയം "മാക്കററി"ലുള്ള ഒരു ദ്വന്ദ്വയുദ്ധം തന്നെയാണു്. ആ മത്സരത്തിലുള്ള വിജയം, നമ്മുടെ ജീവിതമത്സരത്തേയും സാരമായി ബാധിക്കുന്ന ഒന്നാണു്. ഈ മാക്കററിലുള്ള മത്സരത്തിനു പിന്നിലായി ഒരു പട്ട

കഴിതന്നൊ ഉണ്ടെന്നുള്ള വിചാരത്തിൽ ജാഗ്രതയായി മത്സരിക്കേണ്ടതാണു്. കാൽ വഴുതിയെങ്കിൽ ഫലം നിരാശാജനകമായേക്കും.

ലൌകികകാൎയ്യങ്ങളിൽ സ്ഥിരതയോടും, ബുദ്ധിപൂൎവ്വകമായും പെരുമാറിയാൽ പണസമ്പാദനം സാദ്ധ്യമാണു്. അചഞ്ചലമായ ദൃഢനിശ്ചയത്തെ പ്രതിബന്ധങ്ങൾക്കു നീക്കംചെയ്യുവാൻ സാധിക്കുന്നതല്ല. ആയതിനാൽ ഈ സുവൎണ്ണാവസരത്തെ പാഴാക്കാതെ ഇന്നത്തെ യുവലോകം സ്ഥിരനിശ്ചയത്തോടുകൂടി പ്രവൎത്തിച്ചു് വ്യവസായപരമായ കാൎയ്യങ്ങൾ അഭിവൃദ്ധിപ്പെടുത്തി പണസമ്പാദനം നടത്തേണ്ടതാണു്.

# 6

# വിദ്യാഭ്യാസം

ഇവിടെ വിദ്യാഭ്യാസം എന്ന പദംകൊണ്ടുദ്ദേശി ക്കുന്നതു് ഇന്നു നിലവിലിരിക്കുന്ന അഭ്യസനപദ്ധതിക ളേയൊ, അതു നടപ്പിലാക്കേണ്ട പ്രായോഗികമാർഗ്ഗങ്ങ ളേയൊ അല്ല. വ്യാപാരപരമായും മററുമുള്ള കാൎയ്യങ്ങ ളിൽ പ്രവൎത്തിച്ചു് ഉന്നതി പ്രാപിക്കേണ്ടവർ ഏതു വിദ്യാ ഭ്യാസരീതിയാണ് കൈക്കൊള്ളേണ്ടതെന്നുള്ളതിനെപ്പററി യാണ്.

ഇന്നത്തെ യുവലോകത്തിന് വിജയസമ്പാദനത്തി നുള്ള മാൎഗ്ഗം അടഞ്ഞിരിക്കുന്നതു് വിദ്യാഭ്യാസരീതിയി ലുള്ള വൈകല്യംകൊണ്ടാണെന്നു പറയാറുണ്ട്. പക്ഷേ പരമാർത്ഥം അങ്ങിനെയല്ല. പത്തൊൻപതാംനൂററാ ണ്ടിലും ഇരുപതാംനൂററാണ്ടിലും വിദ്യാഭ്യാസപരമായ കാൎയ്യങ്ങൾ വളരെയധികം ഉയൎന്നിട്ടുണ്ടെന്നു കാണാം. ഇന്നത്തെ കേൾവികേട്ട പല മഹാന്മാരുടെയും ജീവിതത്തെ ഈ വിധത്തിലുള്ള വിദ്യാഭ്യാസം സാരമായി സ്പർശിച്ചിട്ടു ണ്ടെന്നു തീൎത്തുപറയാവുന്നതാണ്. എന്നാൽ ചിലർ ഈ അഭിപ്രായത്തെ എതിൎക്കാതിരിക്കുന്നില്ല. ആൎക്കും സ്വതന്ത്രമായി ചിന്തിക്കുന്നതിനും, ആ ചിന്താഫലമായി രൂപമെടുക്കുന്ന ആദർശാനുസരണം പ്രവൎത്തിക്കുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നുള്ളതിനാൽ നിൎദ്ദിഷ്ടമായ

പാഠാവലിയ്ക്കുകത്തുനിന്നുകൊണ്ടുള്ള വിദ്യാഭ്യാസരീതിയെ ഇക്കൂട്ടർ കഠിനമായി എതിർക്കുന്നു. തന്നെയുമല്ല, ഈ നിർബ്ബന്ധിതപദ്ധതികൾ വ്യാപാരപരമായും മററും പ്രവേശിക്കേണ്ട ഒരുവനു സഹായത്തിനു പകരം തടസ്സമായി തീർന്നേക്കാമെന്നാണ് അവരുടെ മതം.

വ്യവസായങ്ങളിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവൻ സർവ്വകലാശാലാബിരുദം ലഭ്യമായില്ലല്ലോ എന്നു വിചാരിച്ചു ഖേദിക്കേണ്ട ആവശ്യമില്ല. ഒരു പക്ഷെ അസ്വാതന്ത്ര്യമായ കലാശാലാഭ്യസനത്തിൻെറ അഭാവം ഒരുവിധത്തിൽ അവനെ അപകടത്തിൽനിന്നു രക്ഷിച്ചുവെന്നും കരുതാവുന്നതാണ്. ആഗ്രഹാനുസരണം മനസ്സിനെ പാകപ്പെടുത്താവുന്ന ബാല്യദശയിൽ ഒരേ തരത്തിലുള്ള അറിവിനെമാത്രം ഗ്രഹിക്കാൻ ശ്രമിച്ചാൽ വിദ്യാത്ഥികളുടെ ശ്രദ്ധ മററു പ്രധാന സംഗതികളിൽനിന്നും പിൻവലിക്കേണ്ടതായി വരും. അസ്വാതന്ത്ര്യതയിൽനിന്നുള്ള പഠനം, ലോകജീവിതത്തിലെ വിഷമപ്രശ്നങ്ങളെ നേരിടുവാൻ സഹായകമാകണമെന്നില്ല.

യഥാർത്ഥത്തിൽ വിദ്യാഭ്യാസം സ്വഭാവഗുണത്തിൻെറ ഉരകല്ലാണ്. വിജയം വിദ്യാഭ്യാസത്തിൻെറ ഫലമല്ല. സ്വന്ത കഴിവുകൊണ്ടു കാര്യങ്ങൾ മനസ്സിലാക്കി പഠിക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു തന്നെയല്ല അതു് ഒരുകാലത്തും മറക്കാൻ കഴിയുന്നതുമല്ല. എന്നാൽ ചെറുപ്രായത്തിൽ നിർബ്ബന്ധിച്ചു് കാണാതെ

പഠിപ്പിക്കുന്ന കാര്യങ്ങൾ പലതും നമ്മിൽനിന്നും പെട്ടെന്ന മാഞ്ഞുപോകുന്നില്ല എന്നുള്ളതിലും കുറച്ചു പരമാത്ഥമുണ്ട്.

വിദ്യാഭ്യാസപരമായി വെറും പ്രാഥമികപാഠങ്ങൾപോലും മനസ്സിലാക്കാത്ത വളരെയധികം പേർ ഉന്നതപദവിയിലേയ്ക്കു വന്നിട്ടുണ്ടെന്ന നമുക്കു കാണുവാൻ കഴിയുന്നുണ്ടല്ലോ. സ്വന്തപരിശ്രമംകൊണ്ടു നന്നായിട്ടുള്ള എത്രയെത്ര സാഹിത്യകാരന്മാരും, പത്രാധിപന്മാരും, രാഷ്ട്രീയനേതാക്കന്മാരും ഇന്നും ജീവിച്ചിരിക്കുന്നു. ഇവരെല്ലാം ലോകത്തിൻെറ യശഃസ്തംഭങ്ങളായി വത്തിക്കുന്നു.

പുസ്തകപാരായണം വിദ്യാഭ്യാസത്തിൻെറ അസ്ഥിവാരമാണ്. ഒരുവന് അവൻെറ അഭിരുചിക്കനുസരണമായി എത്രയധികം പുസ്തകങ്ങളും വായിക്കാം. ഏതെങ്കിലും പുസ്തകങ്ങൾ വായിക്കുന്നതോടുകൂടി പുതിയതായി എന്തു ലഭ്യമാകുന്നുവെന്ന് ഓരോരുത്തനും പ്രധാനമായി ചിന്തിക്കണം. നാം വായനക്കായി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ തികച്ചും നല്ലവയായിരിക്കണം. പക്ഷെ വിവിധതരത്തിലുള്ള ബുക്കുകൾ വായിക്കുന്ന ബാലവിദ്യാത്ഥികൾക്ക് പ്രധാനാപ്രധാന വിവേചനം നടത്തുവാൻ സാദ്ധ്യമല്ലാതെ വന്നേക്കാം.

നല്ല ദഹനശക്തിയുള്ള ഒരുവനു ഭക്ഷണത്തിന് വളരെ രുചി കാണുമെങ്കിലും കയ്യിൽ കിട്ടുന്നതെല്ലാം കഴിക്കാമെന്നു വയ്ക്കുന്നതു അപകടകരമാണല്ലോ. അതു

പോലെ അധമമായിട്ടുള്ളവയെ വജ്ജിച്ചു് ഉത്തമമായ ഗ്രന്ഥങ്ങളെ തെരഞ്ഞെടുത്തു വായിക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതാകുന്നു. ഈ പരിശീലനം കാലക്രമേണ ഗ്രന്ഥങ്ങളുടെ നല്പുതില്പുകൾ എത്രയും വേഗം അറിയുവാൻ നമ്മെ സഹായിക്കുന്നു.

വ്യാവസായികജീവിതത്തിൽ വിദ്യാഭ്യാസത്തിൻെറ ചില പ്രത്യേക വശങ്ങൾ ആവശ്യമാണ്. വിദേശഭാഷകളിലും കണക്കുശാസ്ത്രത്തിലും കൂടുതൽ പ്രാവീണ്യമുള്ളവർ വളരെയധികം ശോഭിക്കുവാൻ കഴിയും. വിജയകരമായ ജീവിതത്തിനു കണക്കുശാസ്ത്രത്തിലുള്ള അപാരമായ പാണ്ഡിത്യം ആവശ്യമില്ലെങ്കിലും അതിൽ പ്രതിപത്തിയുള്ളവർക്ക് വ്യവസായത്തിലും ധനപരമായ കാൎയ്യത്തിലും കൂടുതൽ അഭിവൃദ്ധിനേടാൻ സാധിക്കുന്നതാണു്. വിവിധ രാഷ്ട്രങ്ങളും ഭാഷകളും ഉള്ളതിനാൽ പല ഭാഷകളിലുമുള്ള പരിചയം വിജയജീവിതത്തിനു പ്രധാനമായിരിക്കും.

ആയതിനാൽ ഇന്നത്തെ യുവലോകം ജീവിതവിജയത്തിനുതകാത്ത കലാശാലകളെ ആശ്രയിക്കാതെ വ്യവസായങ്ങളിൽ ഇടപെട്ടു സോത്സാഹം പ്രവൎത്തിച്ചു ഭാവിയിലെ ഉത്തമപൌരന്മാരായി പരിലസിക്കാൻ ശ്രമിക്കേണ്ടതാണു്. ഭാഷാപരമായ ഉന്നതിക്കു സാഹിത്യപാരായണം അനുപേക്ഷണീയമായിരിക്കുന്നതുപോലെ വ്യവസായകാൎയ്യങ്ങളിലും ചെറുപ്രായത്തിൽതന്നെ പ്രവേശിച്ചു തഴക്കവും പഴക്കവും വരുത്തേണ്ടതിനുള്ള പരിശീലനം സ്വീകരിക്കേണ്ടതുതന്നെയാണു്.

യഥാൎത്ഥത്തിൽ അവനവൻതന്നെയാണു് അവനവന്റെ ഭാവിയെ നിൎമ്മിക്കുന്നതു്. വിധിവിഹിതം അലംഘനീയമാണെന്നു ചിന്തിച്ചു് ആരുംതന്നെ വിഷമിക്കേണ്ടതില്ല. ഒരുവനു തന്റെ ശുഷ്കമായ പരിതഃസ്ഥിതിയെ അതിലംഘിച്ചും കുറവുകളെ പരിഹരിച്ചും മുന്നോട്ടു നീങ്ങി വിജയംനേടാൻ കഴിയും.

7

# അഹങ്കാരം

ലോകകാര്യങ്ങളിൽ, സ്വപ്രയത്നംകൊണ്ടു് ഐശ്വര്യം പ്രാപിച്ചുകൊണ്ടിരിക്കുന്ന യുവജനങ്ങളിൽ സാധാരണ കണ്ടുവരാറുള്ള ഒരു ദുർഗ്ഗുണമാണു് അഹങ്കാരം. ഇതിനും അഭിമാനത്തിനും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അഭിമാനം എന്നുള്ളതു് സ്വന്ത അധികാരം, ഉത്തരവാദിത്വം എന്നിവയെപ്പററിയുള്ള മതിപ്പാകുന്നു. അതു് മിഥ്യാബോധമോ താന്തോന്നിത്തമൊ അല്ല. അഹങ്കാരം ഒരു പ്രകാരത്തിൽ മനുഷ്യനിലുള്ള നൈസർഗ്ഗികമായ ഗുണങ്ങളെപ്പോലും നശിപ്പിച്ചു കളയുന്നു. അഹങ്കാരിയായ ഒരുവൻ തൻെറ അധികാരവും പദവിയും വച്ചുകൊണ്ടു് എന്തു ചെയ്യുവാനും മടിക്കുകയില്ല. ലോകകാര്യങ്ങളിൽ വിജയം നേടുവാനുള്ള ഔത്സുക്യത്തിൽ മററുള്ളവരുടെ താല്പര്യങ്ങളെയും യോഗ്യതകളെയും സംരക്ഷിക്കുവാൻ അഹങ്കാരിയായ ഒരുവൻ ശ്രദ്ധിക്കുന്നില്ല.

അഭ്യസ്തവിദ്യരായ ഇന്നത്തെ ചെറുപ്പക്കാർ പലരിലും ദുരഹങ്കാരം എന്ന സ്വഭാവദൂഷ്യം കാണുമാനുണ്ടു് എന്നു ചിലർ അഭിപ്രായപ്പെടുന്നു. ജീവിതത്തിൽ അല്പമാത്രമായി എന്തെങ്കിലും സാധിച്ചു എന്നുള്ള അഹംഭാവത്തിൽ അവരുടെ കർത്തവ്യത്തെ അവർ മറന്നുകളയുന്നു. ജീവിതത്തിൻെറ വിവിധവശങ്ങളെപ്പററിയുള്ള പരിചയ

കുറവും പാകതയില്ലായ്മയുമാണ് അതിനു കാരണമെന്നു മാത്രമേ സമാധാനിക്കുവാൻ തരമുള്ളു. വെറും മുരടിച്ച സ്വഭാവംകൊണ്ടു മാത്രം എന്തും നേടിക്കളയാമെന്നുതന്നെ അവർ കരുതിയെന്നുവരാം. പക്ഷേ അപ്രകാരമുള്ള മനഃസ്ഥിതിയെ ആസ്പദമാക്കിയുള്ള പ്രവൎത്തനങ്ങൾ തികച്ചും അപലപനീയമാണെന്നു നേരത്തെതന്നെ മനസ്സിലാക്കുന്നതു ഗുണപ്രദമായിരിക്കും.

ലോകജീവിതത്തിൽ, അപക്വമതികളായ ആളുകൾ തങ്ങളുടെ മുൻഗാമികളെ മാൎഗ്ഗദൎശികളാക്കേണ്ടതാണ്. ബുദ്ധിപൂൎവ്വകമായ പെരുമാററവും വിനയവും തന്നെ വിജയത്തിലെത്തിച്ചതായി മനസ്സിലാവുന്നതോടെ അഹങ്കാരിയായിരുന്നവൻ തൻെറ യുക്തിഹീനമായ നിലയെ പഴിക്കുകയും ഭാവിയിൽ നല്ലവനായിത്തീരുവാൻ ശ്രമിക്കുകയും ചെയ്യും. അഹങ്കാരികളായിട്ടുള്ള എത്രയധികംപേർ നാശഗൎത്തത്തിലടിഞ്ഞു ജീവിതം പ്രയോജനരഹിതമാക്കിയിട്ടുണ്ടെന്ന് ഉദാഹരണങ്ങൾ നമ്മെ മനസ്സിലാക്കുന്നു.

അഹങ്കാരത്തിനുള്ള പ്രത്യൌഷധം പരാജയമാണ്. തുടൎച്ചയായുള്ള പരാജയങ്ങൾ, ചിന്തിക്കുവാൻ സന്ദൎഭമുണ്ടാക്കുന്നു. താല്ക്കാലികമായ പരാജയംകൊണ്ടു മാനസാന്തരം വരാത്ത പലരും ഉണ്ട്. നിസ്സാരങ്ങളായ ഒന്നോ രണ്ടോ വിജയങ്ങൾ ചിലരെ അതിർകവിഞ്ഞ അഹങ്കാരികളാക്കിയെന്നുവരാം. യൌവ്വനപ്രായത്തിൽ അഹങ്കാരപ്രവൃത്തികളും കൂടുതലായ ദുരഭിമാനവും ഉണ്ടാവാനിടയുണ്ട്. ദുരഭിമാനികളായ ചിലർ ഏററവും ഉന്നത

മായ സ്ഥാനത്തിൽ കുറവായ ഒന്നുകൊണ്ടുംതന്നെ തൃപ്തിപ്പെടുവാൻ തയാറായില്ലെന്നും വരാവുന്നതാണ്. എന്നാൽ പ്രായവും പരിചയവും ചെല്ലുന്തോറും ഈവക ദോഷങ്ങൾ ക്രമേണ നീങ്ങിവരുന്നതായി കാണുന്നുണ്ട്.

അഹങ്കാരസ്വഭാവം, പരിചയംകൊണ്ടും പരാജയംകൊണ്ടും പാകതവരുമ്പോൾ, ശരിയായ നിലയിൽ ആയിത്തീരുന്നു. സമർത്ഥരായ മുൻഗാമികളുടെ ഉപദേശങ്ങൾ തികച്ചും ഉപകാരപ്രദങ്ങളാണ്. വിജയസാദ്ധ്യതക്കായി ആൎക്കും അനവധി ത്യാഗങ്ങൾ സഹിക്കേണ്ടതായി വരും. തന്നെയുമല്ല വിജയശ്രീലാളിതരായി നാം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുമ്പോൾ കുത്സിതബുദ്ധികളായ പലരും ശത്രുക്കളായി നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടാം. തക്കസന്ദൎഭം കിട്ടുമ്പോൾ അങ്ങിനെയുള്ളവർ അപ്രതീക്ഷിതമായി നമ്മെ ചതിക്കുമെന്നുതന്നെ വിശ്വസിക്കാവുന്നതാണ്. അഹങ്കാരിയായ ഒരുവന് അവൻെറ തെററായ പ്രവൃത്തികളുടെ ഫലം ഉടനടി അനുഭവപ്പെട്ടു എന്നു വരികയില്ല. എന്നാൽ എപ്പോഴെങ്കിലും അത് അവനെ അലട്ടാതിരിക്കയില്ല.

സ്വാൎത്ഥബുദ്ധി ലവലേശമില്ലാതെ ഒരു ജനവിഭാഗത്തിനുവേണ്ടിയോ ഒരു രാഷ്ട്രത്തിനുവേണ്ടിയോ ഒരുവൻ പ്രവൎത്തിക്കുന്നുവെന്നിരിക്കട്ടെ. പൊതുജനക്ഷേമതല്പരനായ അവൻ എല്ലാപേരോടും രമ്യതയിലും സമാധാനത്തിലും കഴിഞ്ഞുകൂടുവാൻ അഭിലഷിക്കുന്നു. അപ്രകാരമുള്ള ഒരുവൻെറ പരിശ്രമം ചിലപ്പോൾ അസ്ഥാനത്തിലായെന്നു വരാവുന്നതാണ്. യൌവ്വനപ്രായത്തിൽ പാകതയില്ലായ്മകൊണ്ടു തെററുകൾ സംഭവിക്കാൻ ഇടയുണ്ട്.

അഹങ്കാരം ജീവിതത്തിൻെറ എല്ലാ ഘട്ടത്തിലും വളരെയധികം ദോഷംചെയ്യുന്നതാണ്. കൌമാരപ്രായത്തിൽ പ്രത്യക്ഷപ്പെടുന്ന അഹങ്കാരസ്വഭാവം പ്രയാസം കൂടാതെ മാററാവുന്നതോ ക്ഷമിക്കത്തക്കതോ ആണ്. എന്നാൽ പ്രായം ആകുന്തോറും നാം അറിയാതെ ഈ ദോഷവും നമ്മിൽ വളരുന്നെങ്കിൽ അതു പരിഹരിക്കാൻ പാടില്ലാത്ത ഒരു തീരാവ്യാധിയായി രൂപമെടുക്കും.

അഹംഭാവമുള്ള ആൾക്കു തങ്ങളുടെ ചുററുപാടുകളിലുള്ളവരുടെ മനോഭാവങ്ങളെ ഗ്രഹിക്കുന്നതിനോ മററുള്ളവരുടെ സ്വഭാവഗതിയെ അറിയുന്നതിനോ സാധിക്കുകയില്ല. ഈ ദുഃസ്വഭാവമുള്ള ഒരുവൻെറ മനസ്സു ഒരിക്കലും സ്വസ്ഥമായിരിക്കുകയുമില്ല. ശാന്തതയും ആനന്ദവും ഭഞ്ജിക്കപ്പെടും. അഹങ്കാരികളായുള്ളവരെ ഉപദ്രവിക്കുവാൻ ആഗ്രഹിക്കാതെ അകററിനിറുത്തുവാൻ എപ്പോഴും നാം ശ്രമിക്കേണ്ടതാണ്. അവരുമായിട്ടുള്ള കൂട്ടുകെട്ടു സജ്ജനങ്ങളെ വഴി തെററിക്കുവാൻ ഇടവരുത്തും. ആയതിനാൽ സുഖജീവിതകാംക്ഷയുള്ളവർ അഹങ്കാരരഹിതരായി വിനയശീലത്തോടുകൂടി വർത്തിക്കേണ്ടതാണ്.

## 8

# ധൈര്യം

ധൈര്യം വേഗത്തിൽ അധീനമാക്കാവുന്ന ഒരു ഗുണമാണെന്നും, ധീരപ്രവൃത്തികൾകൊണ്ടു് ഏതാപത്തിനെയും നേരിട്ടു വിജയം കൈവരിക്കാമെന്നും തോന്നുന്നതു് ഒരു സാധാരണ സ്വഭാവമായിത്തീർന്നിട്ടുണ്ടു്. എന്നാൽ ചില പ്രത്യേകസന്ദർഭങ്ങളിൽ ധൈര്യം കൂടുതൽ വൈഷമ്യം ഉളവാക്കുന്നതായി കാണ്മാൻ കഴിയും. ഇത്തരത്തിൽ ഒന്നാണു വ്യാപാരകാര്യം അഥവാ "ബിസിനസ്" (Business).

ധൈര്യശാലിയായ ഒരുവൻ ദുശ്ശാഠ്യവും മർക്കടമുഷ്ടിയുമുള്ളവനായി സാധാരണ കാണപ്പെടുന്നു. വ്യാപാരത്തിൽ ഈ സ്വഭാവഗതി ഗുണത്തിനു പകരം ദോഷം ചെയ്യുന്നു. ന്യായം പ്രവർത്തിക്കുന്നതിനു ധൈര്യമില്ലാത്തവൻ എത്ര പ്രാപ്തനായാലും പ്രയോജനമില്ലാതായിപ്പോകുന്നു. കഠിനമായ പ്രതിഷേധവും കൂടുതലായ ഉപചാരവും അബദ്ധത്തിലേക്കു വഴി തെളിക്കും. അതിനാൽ ഇന്നത്തെ യുവലോകം മേൽപ്പറഞ്ഞ സ്വഭാവഗതിയിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണു്.

ബിസിനസ്സിൽ, യഥാർത്ഥമായ നിലവാരം മനസ്സിലാക്കാതെ, വെറും മർക്കടമുഷ്ടിയോടുകൂടി മുന്നോട്ടുപോയാൽ വളരെയധികം നഷ്ടത്തിനിടവരുന്നതാണു്. തുടർച്ചയായി

നഷ്ടം വന്നുകൊണ്ടിരിക്കുന്ന വ്യാപാരകാര്യങ്ങളിൽ എപ്പോഴെങ്കിലും നല്ല ലാഭം വരുമെന്നുള്ള ആശയോടുകൂടി ചിലർ അനിശ്ചിതകാലത്തേക്കു വ്യാപാരം തുടൎന്നുകൊണ്ടുപോകുന്നു. അനിയന്ത്രിതമായ ആ പ്രയാണം ആപത്തിലേക്കു നയിക്കുന്നതാണ്. വിവേചനാശക്തിയും പരിചയവും ഈ ഉദ്യമത്തിൽനിന്നും വിരമിച്ചു പുതിയ പദ്ധതിയിൽ പ്രവേശിക്കണമെന്നു പ്രേരിപ്പിച്ചാൽതന്നെയും ദുശ്ശാഠ്യക്കാരായ ചിലർ അവരുടെ പ്രസ്ഥാനത്തിൽനിന്നു പിൻവാങ്ങാൻ മടിക്കുന്നു. മർക്കടമുഷ്ടിത്വം ധൈര്യത്തിന്റെ മറെറാരു വശമാണ്. ധൈര്യശാലിയായവൻ വെറും ദുശ്ശാഠ്യക്കാരനാവാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേരുവാനുള്ള മാൎഗ്ഗം അപകടപൂൎണ്ണമെന്നു കണ്ടാൽ ഉടൻതന്നെ പിൻവാങ്ങി മററുപാധികൾ സ്വീകരിക്കുവാനുള്ള ക്ഷമാശക്തി ഉണ്ടാവണം.

മഹാകാര്യങ്ങൾ സാധിച്ച പലരുടെയും സ്വഭാവഗതിയെ നാം സസൂക്ഷ്മം പഠിക്കുകയാണെങ്കിൽ അതിൽ ചില പ്രത്യേകതകളുണ്ടെന്നു നമുക്കു കാണുവാൻ കഴിയും. ഏതൊരു സംഗതിയെയും ശരിയാംവണ്ണം മനസ്സിലാക്കി പഠിക്കുന്നതിനും മററുള്ളവരുടെ അഭിപ്രായത്തിൽ സ്വീകാര്യമായുള്ളതിനെ വിലമതിക്കുന്നതിനും അവർ മടിക്കുന്നില്ല. വിജയസമ്പാദനത്തിന്, നല്ല കാര്യങ്ങളെ സ്വീകരിക്കുവാനുള്ള സന്നദ്ധതയും യഥേഷ്ടം രൂപപ്പെട്ടതിനെയെടുക്കാനുള്ള സന്മനസ്സും അത്യന്താപേക്ഷിതമാണ്. തെററും ശരിയും തിരിച്ചറിയുവാനുള്ള ആത്മശക്തിയും ഉണ്ടായിരിക്കണം.

ലോകകാൎയ്യങ്ങളിൽ ഇടപെടുന്നവർ മററുള്ളവർ പറയുന്നതുമാത്രം അനുസരിക്കുക എന്നുള്ളതു മൂഢതയുടെയും സ്ഥിരതയില്ലായ്മയുടെയും ലക്ഷണമായി ഗണിക്കാം. ഇപ്രകാരമുള്ള ആളുകളുടെ ഗുണദോഷവിവേചനശക്തി കാലക്രമേണ അധഃപതിച്ചുപോകുന്നതാണു്.

ദൃഷ്ടാന്തമായി ഒരു വ്യവസായിയുടെ കാൎയ്യത്തെപ്പററി വിചിന്തനംചെയ്യാം. പ്രസ്തുത നിലയിൽ ഇരിക്കുന്ന ഒരുവനു് ധൈൎയ്യപൂൎവ്വമായും, അല്പം സൌജന്യബുദ്ധിയോടുകൂടി കീഴ്വഴങ്ങിയും പെരുമാറേണ്ട പലേ സന്ദർഭങ്ങളും ഉണ്ടാകും. ധാരാളം പണം മുടക്കി നടത്തുന്ന കാൎയ്യമാകയാൽ കൃത്രിമമാൎഗ്ഗങ്ങളുപയോഗിച്ചു സ്വന്തമായി പണം സമ്പാദിക്കുവാനുള്ള മാൎഗ്ഗങ്ങളും കാണും. എന്നാൽ സത്യസന്ധന്മാരായ ആളുകൾ ഈവിധ പ്രലോഭനത്തിനു വശപ്പെടാതെ കൃതകൃത്യരായി മുന്നോട്ടുപോവുന്നു. ചൂഷണത്തിനു സൌകൎയ്യമില്ലാതായിത്തീരുന്ന കീഴ്സിൽബന്ധികൾ, വിമൎശനങ്ങളും വിദ്വേഷപരമായ മററു പ്രവൎത്തനങ്ങളും ആരംഭിച്ചെന്നുവരാം. എന്നാൽ ഈവക പ്രലോഭനങ്ങളൊന്നും സ്ഥിരചിത്തനായ ഒരുവനെ തന്റെ നയത്തിൽനിന്നും പിൻതിരിപ്പിക്കുവാൻ ഉതകുന്നതല്ല. സ്വാൎത്ഥമതികളായ നേതാക്കന്മാർ ഭീഷണിയിൽ കുറേശ്ശയായി മയങ്ങി വ്യാപാരത്തെ പൊതുവേ അധഃപതിപ്പിക്കുകയും ശക്തി ഇല്ലാതാക്കുകയും ചെയ്യുന്നു.

വ്യാപാരത്തിൽ പ്രവേശിക്കുന്ന ഏതൊരു വ്യക്തിക്കും മേൽപ്പറഞ്ഞതുപോലെയുള്ള പല പ്രതിസന്ധിഘട്ടങ്ങളും ജീവിതത്തിൽ ഉണ്ടാവുന്നതാണു്. ആദ്യമാദ്യം അവർ

ആവശ്യക സന്ദർഭങ്ങളെ നേരിട്ടു തരണംചെയ്യുവാൻ സ്വീക രിക്കുന്ന നയമനുസരിച്ച് അവരുടെ ഭാവി നിശ്ചയിക്കപ്പെ ടാവുന്നതാണ്. ഏതൊരാപത്തുനേരിട്ടാലും സ്വാത്മപര നാകാതെ സത്യസന്ധതയോടും നീതിപൂർവ്വമായും പെരു മാറുന്നവൻ മുന്നോട്ടുപോവുകതന്നെചെയ്യും.

ലോകഗതിയെ ആദരിക്കേണ്ടതു മനുഷ്യധർമ്മമാണെ ങ്കിലും, വ്യക്തിഗതമായ സ്വാതന്ത്ര്യം എപ്പോഴും ഉണ്ടാ യിരിക്കണം. വിഷമപ്രശ്നങ്ങൾ വിവേചനാശക്തിയെ പരീക്ഷിച്ചുനോക്കുവാനുള്ള സന്ദർഭം ഉണ്ടാക്കുന്നു. ആ പരീക്ഷണങ്ങളിലുള്ള ഫലം ഒരുവൻെറ ജീവിതത്തെ സാര മായി സ്പർശിക്കുന്ന ഒന്നായിരിക്കും. അഭ്യുന്നതിയെ കാംക്ഷിക്കുന്ന ആരും ധിക്കാരമായി പ്രവർത്തിക്കുകയോ അധികാരം കാട്ടുകയോ ചെയ്യുന്നതു് അനുചിതമാണ്. വൻപു പറച്ചിലും ഭീഷണിപ്രയോഗങ്ങളും ആരേയും അധഃപതിപ്പിക്കുകതന്നെചെയ്യും. നമ്മുടെ മനസ്സിൽ തുല്യ പ്രാധാന്യമുള്ള രണ്ടുശക്തികൾ നിലകൊള്ളുന്നു. ജ്ഞാന ത്തിൽനിന്നും രൂപമെടുക്കുന്ന ഒന്ന്, സന്മാർഗ്ഗത്തിൽനിന്നു രൂപമെടുക്കുന്ന മററൊന്ന്, എന്നു രണ്ടായി അവയെ വിഭ ജിക്കാവുന്നതാണ്. ഇതു രണ്ടും യഥായോഗ്യം ഉപയോ ഗിച്ചു സഫലമാക്കുവാൻ കഴിയുന്ന ഒരുവന് ഏതു പരിത സ്ഥിതിയിലും മഹാനായി ഉയരാവുന്നതാണ്. അശ്രദ്ധയും ശ്രമക്കുറവും ചിലരെ ലക്ഷ്യത്തിൽ എത്തിക്കുന്നില്ല. എന്നാൽ യഥാവിധി പരിശ്രമിക്കുന്നവന് ഉന്നതിയിലെ ത്താമെന്നുള്ളതിനു സംശയമില്ല.

9

# പരിഭ്രമം (ഭവ്യഭീതി)

യാദൃച്ഛികസംഭവങ്ങൾ മൂലം നമ്മുടെ മനസ്സിനുണ്ടാവുന്ന അസ്വാസ്ഥ്യം പരിഭ്രമത്തിനു കാരണമായിത്തീരുന്നു. മതിയായ കാരണങ്ങൾകൂടാതെ തന്നെ പലരും പരിഭ്രമം നിമിത്തം ആപത്തിലേക്കു പതിക്കുന്നതു കാണുവാൻ കഴിയും. യഥാൎത്ഥത്തിൽ, വിവേചനാശക്തിയുടെ കുറവു നിമിത്തം വെറും ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കിയുള്ള നിഗമനംകൊണ്ടാണ് ഈ അപകടം നേരിടുന്നത്. ഒരുവൻെറ പ്രവൎത്തനപഥത്തിൽ ഇമ്മാതിരിയിലുള്ള പ്രതിസന്ധിഘട്ടങ്ങൾ ഉണ്ടായി എന്നു വരാവുന്നതാണ്. എന്നാൽ ആ വക വിഷമഘട്ടങ്ങൾ ഏതുവിധം തരണം ചെയ്യണമെന്നു മുൻകൂട്ടി അറിഞ്ഞിട്ടില്ലെങ്കിൽ വലിയ പരാജയം നേരിടുകതന്നെചെയ്യും.

വെറും മൎക്കടമുഷ്ടിനയം അനുകരിക്കുന്ന വ്യക്തികൾ സാധാരണയായി അധഃപതിക്കുന്നു. ജീവിതത്തിൽ വലിയ മുൻകരുതൽകൂടാതെ പ്രവൎത്തിക്കുന്നതിന് അത്തരക്കാർ ഒരുമ്പെടും. വ്യാപാരകാൎയ്യങ്ങളിലുള്ള ഭവ്യഭീതി വളരെയധികം ദോഷങ്ങൾ ഉണ്ടാക്കുവാൻ കാരണമാവും. ഒരു വ്യാപാരസാധനത്തിൻെറ വില ഇടിയുവാൻ ന്യായമായ കാരണങ്ങൾ ഇല്ലെങ്കിലും, തെററിദ്ധാരണകൾകൊണ്ടു മാൎക്കററിലെ വില ഇടിയുന്നു, ഭവ്യഭീതിയെ അഭിമുഖീ

കരിക്കുവാൻ ഒന്നാമതായി സത്യാവസ്ഥകൾ ഗ്രഹിക്കണം. പിന്നീട് മററുള്ളവരുടെ തെററിദ്ധാരണകൾ മൂലം വരാവുന്ന വൈഷമ്യങ്ങൾക്കും വേണ്ട വിട്ടുവീഴ്ചകൾ അനുവദിക്കണം.

ദൃഷ്ടാന്തമായി ഒരു ബാങ്കോ കമ്പനിയോ പൊളിയാൻ പോകുന്നുവെന്നിരിക്കട്ടെ. പ്രസ്തുത വിവരം അറിഞ്ഞാൽ ഉടൻതന്നെ ഓഹരി എടുത്തിരിക്കുന്നവരും ഡിപ്പോസിററുകാരും ഓഹരി വില്ക്കാനും നിക്ഷേപത്തുക തിരിച്ചെടുക്കാനും തുടങ്ങും. ഓഹരിയുടെ വില പെട്ടെന്നു കുറയും. നൂറുരൂപാ വിലയുള്ള ഓഹരികൾ പത്തുരൂപയ്ക്കോ അതിൽ കുറഞ്ഞ വിലക്കോ വില്ക്കേണ്ടിവരുമ്പോൾ പരിഭ്രാന്തി ഉണ്ടാകും. എന്നാൽ കമ്പനികൾക്കോ ബാങ്കിനോ ശരിയായ മൂലധനമുണ്ടെന്നറിഞ്ഞാൽ മുൻപറഞ്ഞ ദ്രവ്യഭീതി അസ്ഥാനത്തിലായിരിക്കും. വിവേചനാശക്തിയും വിപദിധൈര്യവും ഉള്ള ആളുകൾ അസാധാരണമായി സംഭവിക്കാവുന്ന വിഷമതകളെ ധീരതയോടെ എതിക്കും. ഓരോ വിഷമതകൾ ഉണ്ടാകുമ്പോഴും അവയ്ക്കനുരൂപമായ രക്ഷാമാർഗ്ഗങ്ങളും നീക്കുപോക്കുകളും പ്രതിവിധിയായി അവർ പ്രയോഗിക്കുന്നു.

വ്യാപാരകാര്യങ്ങളിൽ പരിഭ്രാന്തിക്ക്, അപൂർവ്വമായ ചില സന്ദർഭങ്ങളുണ്ടാവുന്നതാണ്. ഓരോ സന്ദർഭത്തിന് അനുയോജ്യമായി നേരിട്ടു പ്രതിവിധി കാണുകയല്ലാതെ, പരിഭ്രാന്തിയോടുകൂടി കഴിഞ്ഞുകൂടുന്നത് തികഞ്ഞ പരാജയമാണ്. ഇരുളിൽ എലി കരളുന്നപോലെ ആ

പത്തുവരുമെന്നുള്ള ഭയം ചിലരെ ഇടവിടാതെ ചഞ്ചല പ്പെടുത്തിക്കൊണ്ടിരിക്കും. പകൽ സമയങ്ങളിൽ വ്യാപാര ങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കുന്ന അനവധി ആളുകൾ രാത്രിയിൽ ഉറക്കമില്ലാതെ "വ്യാപാരങ്ങൾ നശിക്കാനിട യുണ്ട്" എന്നു ഭയചകിതരായി കഴിഞ്ഞുകൂട്ടുന്നു. പക്ഷേ ഇതു കേവലം സങ്കല്പംമാത്രം. ഇക്കൂട്ടർക്ക് ധൈര്യമായി ഒന്നുംചെയ്യുവാൻ കഴിഞ്ഞില്ലെന്നുവരാം. വളരെ ആദായ കരമായി നടക്കുന്ന വമ്പിച്ച വ്യവസായശാലകൾ നിസ്സാര മായ വിലക്കു വില്ക്കുവാൻപോലും അവർ മടിക്കുന്നില്ല. സമർത്ഥരായ വ്യവസായികൾ ബുദ്ധിപൂർവ്വം വ്യാപാരം നടത്തി അവയിൽനിന്നു ലാഭമെടുക്കുന്നു. ശാന്തമായും ധൈര്യപൂർവ്വമായും പ്രവർത്തിക്കുന്നവനെ സംബന്ധിച്ചിട ത്തോളം പരാജയങ്ങൾക്കു സ്ഥാനം കല്പിക്കുവാൻ സാധി ക്കുകയില്ല.

ഒരുവന്റെ ഉള്ളിൽ എപ്പോൾ മുതൽ പരിഭ്രാന്തി യുടെ അംശങ്ങൾ കടക്കുന്നുവോ അപ്പോൾ മുതൽ അയാ ളുടെ വിവേചനാശക്തി നശിച്ചുപോകുന്നു. ദൃഷ്ടാന്തമായി വൻകിടവ്യവസായശാല നടത്തുന്ന ഒരാൾക്ക് ഉല്പന്ന ങ്ങൾ യഥാസമയത്തു കിട്ടുകയില്ലെന്നു ഭീതി ജനിച്ചേക്കാം. കരാർ അനുസരിച്ചു സാധനങ്ങൾ എത്തിച്ചുകൊടുക്കു വാൻ സാധിച്ചില്ലെങ്കിലോ എന്നുള്ള വിചാരം അയാളെ വല്ലാതെ അമ്പരപ്പിക്കുന്നു. തന്മൂലം വിലക്കൂടുതൽ കൊടുത്തു് ഉല്പന്നങ്ങൾ വാങ്ങി അയാൾ ശേഖരിക്കുന്നു. അതനുസരിച്ചുള്ള ആദായം അയാൾക്കു കിട്ടിയില്ലെന്നു വരാം. അങ്ങനെ വ്യാപാരം നഷ്ടത്തിൽ കലാശിക്കുന്നു.

വ്യാപാരകാൎയ്യങ്ങളിൽ പെട്ടെന്നു പരിഭ്രാന്തിയുണ്ടാവുന്ന വ്യക്തികൾ, കാൎയ്യങ്ങളുടെ ഗുണദോഷവശങ്ങളെ യഥാവിധി വിവേചനംചെയ്യാതെ ഒന്നും പ്രവൎത്തിക്കാതിരിക്കുകയാണു നന്നു്. ഗാഢമായി ചിന്തിച്ചു കാൎയ്യങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കുമ്പോൾ ശങ്കകൾ അൎത്ഥശൂന്യമായിരുന്നുവെന്നു് അവൎക്കനുഭവപ്പെടും. കാൎയ്യാകാൎയ്യങ്ങളെ വിവേചനംചെയ്തു തക്കസമയത്തു പ്രവൎത്തിക്കുവാൻ കഴിയാത്തവരുടെ ജീവിതം പരാജയത്തിൽ കലാശിക്കുന്നതാണു്.

അകാരണമായി ഉണ്ടാകുന്ന ഭയം ഇല്ലാതാക്കുവാൻ മനസ്സും ബുദ്ധിയും സ്ഥിരമായി പ്രയത്നിച്ചെങ്കിൽമാത്രമേ സാദ്ധ്യമാകയുള്ളു. ഭയാശങ്കകളെ ദൂരീകരിക്കുവാൻ ഉതകുന്ന ശരിയായ മാൎഗ്ഗമുണ്ടു്. താല്ക്കാലികമായി നമുക്കുണ്ടാവുന്ന പ്രയാസത്തിൽ നാം അതിർ കവിഞ്ഞു വിഷമിക്കാൻ തുടങ്ങുമ്പോൾ, നമ്മുടെ കഴിഞ്ഞ കാലത്തിൽ നേരിട്ട വൈഷമ്യസന്ധികളെ വൎത്തമാനകാലത്തിലുള്ളതുമായി താരതമ്യംചെയ്തു നോക്കണം. അപ്പോൾ മുൻകാലത്തിൽ നാം നേരിട്ട വിഷമസന്ധികളേക്കാൾ തികച്ചും ഇതു ലഘുതരമാണെന്നു് പ്രായേണ അനുഭവപ്പെടുന്നതാണു്. ഈ അനുഭവം നമ്മേ ധൈൎയ്യവാന്മാരാക്കിത്തീൎക്കും.

ഏതൊരുവനും തന്റെ ഹൃദയവിഭ്രാന്തിയെ സംയമനംചെയ്യുന്നപക്ഷം മറേറതു വിപരീതശക്തിയെയും ഭയപ്പെടേണ്ട ആവശ്യമില്ല. അധികമായി ആനന്ദിക്കുകയും അധികമായി ദുഃഖിക്കുകയും ചെയ്യുന്നതു് അപകടകര

മാണ്. ഈ രണ്ടും അതിന്റെ മൂർദ്ധന്യത്തിൽ എത്താതെ സാധാരണ തോതിൽ നിവൃത്തനാവനാണ് സ്വമനസ്സിനെ സംയമനം ചെയ്യുവാൻ.

അപ്രതീക്ഷിതമായി വന്നുചേരുന്ന അപകടങ്ങളെ തട്ടി മാററി നേരിട്ടു വിജയം വരിക്കുന്നതിന് അനുപേക്ഷണീയമായിട്ടുള്ളത് വേണ്ടത്ര മനോഗുണവും ബുദ്ധിശക്തിയുമാണ്. അഹംഭാവമോ മർക്കടമുഷ്ടിത്വമോ നമ്മുടെ സ്വഭാവത്തെ മലിനപ്പെടുത്തുവാൻ അനുവദിക്കരുത്. സ്വഭാവസ്ഥിരത വിഷമഘട്ടങ്ങളെ യഥാവിധി തരണം ചെയ്യുവാൻ നമ്മെ സഹായിക്കുന്നു. ശരിയായ ആരോഗ്യമുള്ള ഒരുവന്റെ ബുദ്ധിയും പ്രവർത്തനങ്ങളും ഊർജ്ജസ്വലമായിരിക്കും.

ജീവിതത്തിൽ വിവേചനാപൂർവ്വം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആർക്കും പരിഭ്രമിക്കേണ്ട ആവശ്യമില്ല. ശാന്തമായും ബുദ്ധിപൂർവ്വമായും ഇടപെടുന്നവർക്കെല്ലാം വ്യവസായപരമായി അഭ്യുന്നതിയെ പ്രാപിക്കാം.

THE KOTTAYAM PUBLIC LIBRARY
KOTTAYAM
TRAVANCORE

# 10

# വ്യാപാരമാന്ദ്യം

വ്യാപാരകാര്യങ്ങളിൽ വില ഇടിവ് വർത്തകന്മാരെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. വില ഇടിവ് ദ്രവ്യഭീതിയിൽനിന്നും വ്യത്യസ്തമാണ്. ദ്രവ്യഭീതി ആകസ്മികമായി പല അനിഷ്ടസംഭവങ്ങൾക്കും കാരണമാകുന്നു. വ്യവസായങ്ങളിലേർപ്പെട്ടു തഴക്കവും പഴക്കവും സിദ്ധിച്ചവർക്കു വിലയിടിവ് അമ്പരപ്പുണ്ടാക്കുന്നില്ല. അവർ വിലയിടിവുമൂലം വ്യാപാരങ്ങൾക്കു കോട്ടംതട്ടാത്ത വിധത്തിൽ നേരത്തെതന്നെ പ്രതിവിധികൾ കണ്ടുപിടിച്ചു മുന്നോട്ടു പോവുന്നു. അത്യധികമായ വിലക്കയററം മൂലം നേരിട്ടേക്കാവുന്ന ഭവിഷ്യത്തിൽനിന്നും ജനതതിയെ രക്ഷപ്പെടുത്താൻവേണ്ടി പ്രകൃതിചെയ്യുന്ന ഉപശാന്തിയായിട്ടുമാത്രമേ വിലയിടിവിനെ കരുതേണ്ടതുള്ളൂ. വ്യവസായകാര്യങ്ങളെ എന്നപോലെ വ്യക്തികളുടെ മാനസികവ്യാപാരങ്ങളെയും ഈ സംഗതി സാരമായി ബാധിക്കുന്നതാണ്. ദുരഹങ്കാരിയായ ഒരുവന്റെ അതിർകവിഞ്ഞ പ്രതീക്ഷകൾക്കു കോട്ടം സംഭവിക്കുന്നതോടുകൂടി അവൻ ലോകസ്വഭാവത്തെപ്പററി ശരിയായി പഠിക്കുകയും കാലക്രമേണ സൽസ്വഭാവിയായി തീരുകയും ചെയ്യുന്നു.

ഉൽപ്പന്നങ്ങൾ തുടങ്ങിയ വാണിജ്യവിഭവങ്ങളുടെ വർദ്ധനവും മനുഷ്യവർഗ്ഗത്തിന്റെ ആവശ്യങ്ങളും തമ്മിൽ

ശരിയായ പൊരുത്തം വരുത്താൻ എത്രമാത്രം ശ്രമിച്ചാലും, സാധനങ്ങളുടെ വിലയ്ക്കു കയററം ഉണ്ടാകുമ്പോൾ സ്വാഭാവികമായി അവയെ അധികമായി നിർമ്മിക്കുവാൻ ആസക്തി കൂടുന്നു. എന്നാൽ ആവശ്യത്തിൻെറ വർദ്ധനവു കുറയുമ്പോൾ വില ഇടിയുകയും ചെയ്യുന്നു.

ഐശ്വര്യവും അഭിവൃദ്ധിയുമുള്ള കാലങ്ങളിൽ നിർമ്മാണം കൂടിയ തോതിലും തോന്നിയ വിധത്തിലും ആയിരിക്കും. കണ്ടമാനമുള്ള ചിലവുകളെ നിയന്ത്രിക്കുവാനുള്ള സമാധാനമോ, സാവകാശമോ അന്നുണ്ടായില്ലെന്നും വരാവുന്നതാണ്. എന്നാൽ വിലയിടിഞ്ഞു വരുന്നതോടുകൂടി അനാവശ്യച്ചെലവുകൾ കുറയ്ക്കുവാൻ ശ്രമിക്കുകയും അപ്പോൾ വ്യവസായങ്ങൾ ക്രമീകൃതമായ രീതിയിൽ മുന്നോട്ടുപോവുകയും ചെയ്യുന്നതാണ്.

മുൻപറഞ്ഞ സംഗതി ശരിയായി മനസ്സിലാക്കിയിട്ടുള്ള ഒരുവൻ വിലയിടിയുന്നു എന്നു കേൾക്കുമ്പോൾ പരിഭ്രമിക്കയില്ല. ജീവിതത്തിൽ എന്നും ശുഭഫലങ്ങൾ മാത്രം ഉണ്ടായി എന്നു വരുന്നതല്ലല്ലോ. ഈ തത്വത്തിൽ അവൻ സമാധാനിക്കുന്നു. അപ്രകാരമുള്ള സമാധാനം ഉന്മേഷവാനായി കഴിഞ്ഞുകൂടുവാൻ അവനെ സഹായിക്കുകയും ചെയ്യുന്നു. ചുരുക്കി പറഞ്ഞാൽ മനസ്സിനെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കുവാൻ കഴിവുള്ള ഒരുവന് വ്യാപാരകാര്യങ്ങളിൽ വരുന്ന മന്ദതയെ കാര്യമാക്കാതെ മുന്നോട്ടുപോകുവാൻ കഴിയുന്നതാണ്.

വാണിജ്യകാൎയ്യങ്ങളിൽ അഭിവൃദ്ധിയും അധോഗതിയും സാധാരണ സംഭവിച്ചുകൊണ്ടിരിക്കും. വിലക്കയററമുള്ള മാൎക്കററിൽ വില്പനയും, വിലയിടിയുന്ന മാൎക്കററിൽ വാങ്ങലും നല്ലതാണെന്നുള്ളതു സൎവ്വസമ്മതമായ ഒരു പ്രമാണമാണല്ലൊ. എന്നാൽ ഈ പ്രമാണത്തെ മുറുകെ പിടിച്ചുകൊണ്ട് വാണിജ്യം സുഗമമായി നടത്താൻ സാധിക്കാതെ വന്നേക്കും.

ഒന്നാമതായി വിലയിടിയുന്ന മാൎക്കററിൽ സാധനങ്ങൾ വാങ്ങുന്നതിനെപ്പററി നമുക്കു വിചിന്തനംചെയ്യാം. വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന മാൎക്കററിൽ ഒന്നും വാങ്ങാൻ പാടില്ലായെന്നു പറയുന്നതു തികഞ്ഞ അബദ്ധമാണ്. പരിപൂൎണ്ണമായി വ്യവസായശാലകൾ പൂട്ടിയിടാതെ കുറേശ്ശയായി യന്ത്രങ്ങൾ പ്രവൎത്തിക്കത്തക്കവിധത്തിൽ ജോലികൾ നടന്നുകൊണ്ടിരുന്നില്ലെങ്കിൽ അവയെല്ലാം തുരുമ്പു പിടിച്ചു ഉപയോഗശൂന്യമായി തീൎന്നുപോവും. അതിനാൽ ഉല്പന്നങ്ങൾ അത്യാവശ്യത്തിനു വാങ്ങുകതന്നെ വേണം. എന്നാൽ വ്യവസായത്തിന് അടിക്കടി മന്ദതയുണ്ടായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നൂതനമായിട്ടുള്ള ഉദ്യമങ്ങളും കൂടുതൽ മുടക്കുകളും നടത്തുന്നതു് അവിവേകമായിരിക്കും.

രണ്ടാമതായി വില കയറിയ മാൎക്കററിൽ സാധനങ്ങൾ വില്ക്കുന്ന സംഗതിയെപ്പററി ചിന്തിക്കാം. വില കയററമുള്ളപ്പോൾ വില്പന നടത്തുന്നതിൽ ഒട്ടുംതന്നെ മടിക്കേണ്ട ആവശ്യമില്ല. വ്യാപാരകാൎയ്യത്തിൽ പ്രധാന

മായി ശ്രദ്ധിക്കേണ്ടതു് സാധനങ്ങൾ യഥാകാലം വിററഴിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററിയും കൂടുതൽ കൂടുതൽ വില്പനയ്ക്കായി ഉണ്ടാകേണ്ട സംഘടനകളെക്കുറിച്ചും ആകുന്നു.

ചില പ്രത്യേക സാഹചര്യങ്ങളിൽ വിലക്കുറവുള്ള സന്ദർഭത്തിൽപോലും നമുക്കു വ്യാപാരം നടത്താതിരിക്കുവാൻ നിർവ്വാഹമില്ലാതെ വരുന്നതാണു്. വ്യവസായച്ചരക്കുകൾ വില്ക്കാതെ ഇരുന്നുപോയാൽ കൂടുതൽ നഷ്ടവും കേടുപാടും സംഭവിക്കും. അപ്പോൾ നമ്മുടെ പ്രതീക്ഷയിൽനിന്നും വളരെ കുറഞ്ഞ തുകക്കു് സാധനങ്ങൾ വില്ക്കേണ്ടതായി വന്നു് കൂടുതൽ നഷ്ടം സംഭവിക്കാനിടയുണ്ടു്. സുഗമമായ മാർഗ്ഗത്തിൽകൂടി ശീഘ്രഗതിയിൽ യാത്രചെയ്യുവാൻ സാദ്ധ്യമാവുന്നതുപോലെ സൌകര്യത്തിനനുയോജ്യമായി വ്യാപാരകാര്യങ്ങളിൽ യുക്തിപൂർവ്വം പെരുമാറേണ്ടതാണു്.

നാണയപ്പെരുപ്പമുള്ള കാലങ്ങളിൽ ചില കമ്പനി ഓഹരികളുടെ വില വളരെയധികം വർദ്ധിച്ചുവരുന്നതാണു്. ക്രമാതീതമായ ആ പെരുപ്പം അവസാനിച്ചു തുടങ്ങുമ്പോൾ വെറും നിസ്സാരതുകകൾക്കു ഓഹരികൾ വില്ക്കുവാൻ പലരും നിർബ്ബന്ധിതരാവുന്നതു നമുക്കു അനുഭവമാണല്ലൊ.

വിലയിടിവിനും സാമ്പത്തികമാന്ദ്യതക്കുമുള്ള അവസാനത്തെ പ്രതിവിധി വില്പനയാകുന്നു.

---

## 11

# പരാജയം

ജീവിതത്തിലെ ഏററവും അരോചകമായ അനുഭവങ്ങളിൽ ഒന്നാണ് പരാജയം അല്ലെങ്കിൽ തോൽവി. അന്ധമായ തെററിദ്ധാരണയോ, അപകപതമൂലമുള്ള പരിചയക്കുറവോ ആണു് പരാജയത്തിലേക്കു വഴി തെളിക്കുന്നതു്. ലോകജീവിതത്തിൽ ഓരോ വ്യക്തിക്കും മഹത്തായ ചില കടമകളുണ്ടു്. ആ കടമകളെ യഥാവിധി അനുഷ്ഠിച്ചു ശ്രദ്ധാപൂർവ്വം മുന്നോട്ടുപോയാൽ വിജയം നിശ്ചയമാണു്. പരാജയത്തിനു ആരും വഴിപ്പെടേണ്ടതായി വരികയില്ല.

സ്വാഭാവികമായി ഓരോരുത്തക്കും വാസനയുള്ള തൊഴിൽ ഏതെന്നു കണ്ടുപിടിച്ചു് അതിൽ പ്രവേശിക്കുന്നതിനുള്ള കഴിവാണു നമുക്കുണ്ടായിരിക്കേണ്ടതു്. ആയതിനു കുറച്ചു സമയവും സൌകര്യവും അനുപേക്ഷണീയമാണു്. ചില ആളുകൾ ജനിച്ചുവളരുന്ന കുടുംബത്തിൻെറ പാരമ്പര്യവും പരിതഃസ്ഥിതിയും അനുസരിച്ചു ചില തൊഴിലുകൾ സ്വീകരിക്കുവാൻ നിർബ്ബന്ധിതരാവുന്നു. എന്നാൽ അത്തരം തൊഴിലുകൾ പലക്കും യോജിച്ചതായിരിക്കയില്ല. പക്ഷേ മററു മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ പലരും ഉള്ള തൊഴിലിനെ ഉപേക്ഷിക്കുവാൻ കഴിയാതെ വിഷമിച്ചു് ദിവസങ്ങൾ മുന്നോട്ടു തള്ളുന്നു.

ഒരു യുവാവു് ഒരു ഗവൺമെൻറു ജീവനക്കാരനായി പ്രവേശിച്ചുവെന്നിരിക്കട്ടെ. അയാറം പ്രവേശിച്ച ഡിപ്പാർട്ടുമെൻറ് അയാളുടെ മാനസികമായ നിലയ്ക്കും കഴിവിനും അനുയോജ്യമല്ലാതിരുന്നാൽ മേലുദ്യോഗസ്ഥന്മാർ അയാളെ അയോഗ്യനായി പരിഗണിക്കുന്നു. സ്വമേധയാ അയാറംതന്നെ കഴിവില്ലാത്തവനെന്നു സമ്മതിക്കേണ്ടിയും വരുന്നു. നിരാശമൂലമുള്ള ആ പരാജയം ആരെയും നശിപ്പിക്കയല്ലാതെ ഉയർത്തുവാൻ പര്യാപ്തമാവുന്നില്ല.

അബദ്ധങ്ങറം അന്ധവിശ്വാസത്തിൽനിന്നുമാണു് സാധാരണ തലയെടുക്കുന്നതു്. പൊതുവേയുള്ള പ്രാപ്തി (General ability) എല്ലായ്പോഴും എല്ലാ പരിതഃസ്ഥിതിയിലും പ്രകടിപ്പിക്കുവാൻ സാധിച്ചില്ലെന്നു വന്നേക്കാം. അതുപോലെതന്നെ എല്ലാക്കാര്യങ്ങളിലും ഒരുവൻ ഒരുപോലെ പ്രാപ്തനായിയെന്നും വരുന്നതല്ല.

മനുഷ്യൻെറ മനസ്സു വ്യത്യസ്തമായ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ ഓരോ കാര്യത്തിലും ഓരോന്നു ചിന്തിക്കാനുള്ള കഴിവുണ്ടു്. ഒരുവനു കുടുംബസംബന്ധമായുള്ള വാത്സല്യത്തിൻെറ അളവു് എത്രയുണ്ടെന്നു് അയാളുടെ പ്രസംഗകലയിലുള്ള സാമർത്ഥ്യത്തിൽനിന്നും നമുക്കു തീരുമാനിക്കുവാൻ കഴികയില്ല. ഒരുവനു് ആത്മീയകാര്യങ്ങളിലുള്ള വിശ്വാസം അയാളുടെ വ്യാപാരപരമായുള്ള സാമർത്ഥ്യത്തിൽനിന്നും മനസ്സിലാക്കുവാൻ ആർക്കുംതന്നെ സാധിക്കയില്ല. പ്രവർത്തനത്തിൻെറ ഒരു പ്രത്യേക ശാഖയിൽ അസാധാരണമായ ബുദ്ധിസാമർത്ഥ്യം

ഷൎഷംപേക്ഷമാത്രമെയുണ്ടായിരിക്കയുള്ളൂ. ഒരു നിയമജ്ഞനോ, രാജ്യതന്ത്രജ്ഞനോ, പത്രലേഖകനോ, കാൎയ്യാകാൎയ്യങ്ങളെ കാരണസഹിതം ഗ്രഹിക്കുന്നതിനും, ഒരു കാൎയ്യത്തിൻെറ പ്രതികൂലവും അനുകൂലവുമായ ഗതികളെ വേർതിരിച്ചു അറിയുന്നതിനും ഉള്ള കഴിവു മററുള്ളവരേക്കാൾ കൂട്ടതലായി ഉണ്ടായിരിക്കും. അപ്രകാരമുള്ള കഴിവു് അവരെ നല്ല നല്ല പ്രഭാഷണങ്ങൾ നടത്തുന്നതിനും പ്രാപ്തരാക്കുന്നു. ഇപ്രകാരമുള്ള പ്രഭാഷണങ്ങൾ കേൾക്കുന്നവർ ഏതു കാൎയ്യവും നിഷ്പ്രയാസം പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കും എന്നു വിചാരിക്കുന്നു.

എന്നാൽ ഈ ധാരണ തെററിപ്പോയെന്നുവരാം. പറയുന്നതിൽ സാമൎത്ഥ്യമുള്ള പലരും പ്രവൎത്തിക്കുവാൻ കഴിവില്ലാത്തവരായി കാണാറുണ്ടു്. ചില അസാധാരണ വ്യക്തികളുടെ കാൎയ്യം മാററിവച്ചാൽ ബഹുഭൂരിപക്ഷം പേരും ചില പ്രത്യേക കലകളിൽമാത്രം വാസനയും കഴിവും ഉള്ളവരായി കാണപ്പെടുന്നു. അങ്ങിനെയുള്ള വ്യക്തികൾ തങ്ങൾക്കു് അഭിരുചിയില്ലാത്ത കാൎയ്യങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞാൽ തികഞ്ഞ പരാജയം അടയുന്നതാണു്.

വ്യവസായകാൎയ്യങ്ങളിൽതന്നെ ഒരേ നയം സ്വീകരിക്കുന്നതു് ഉചിതമല്ല. അവിടെയും ചില സന്ദർഭങ്ങളിലും പരിതഃസ്ഥിതികളിലും കർശനമായും, മററു ചില സന്ദർഭങ്ങളിൽ സൌമ്യമനോഭാവത്തോടുകൂടിയും പെരുമാറേണ്ട ആവശ്യങ്ങൾ വന്നുചേരും ഒരു വിഭാഗത്തിൽ

KOTTAYAM PUBLIC LIBRARY

വിജയമുണ്ടാകുന്നതിനുള്ള കാരണങ്ങൾ മറെറാന്നിൽ അപജയം വരുത്തിയേക്കാം. ആയതിനാൽ ഏതൊരു വ്യക്തിയും ജയം കൈവരുന്നതുവരെ പരാജയപ്പെട്ടവൻ എന്നു പരിഗണിക്കുവാൻ പാടില്ല.

ഇൻഡ്യയിലെ വൈസ്രോയി ആയിരുന്ന റെഡിങ്ങ് പ്രഭുവിൻെറ ജീവചരിത്രം ആർക്കും മാതൃകാപരമായ ഒന്നാണ്. അദ്ദേഹം ആദികാലത്തു പല ഏജൻസികളുമെടുത്തു ജീവിതം നയിച്ചുവന്നു. എന്നാൽ അവയിലെല്ലാം നിശ്ശേഷം പരാജയം അടയുകയാണുണ്ടായത്. അദ്ദേഹത്തിൻെറ അസാധാരണപ്രാപ്തിക്ക് ആ വക ജോലികൾ യോജിച്ചതല്ലായിരുന്നു. തന്മൂലം ധീരതയോടെ ആ ജോലികളിൽനിന്നും പിന്മാറി വക്കീൽപണിയിൽ പ്രവേശിച്ചു. പ്രസ്തുത ജോലിയിൽ അദ്ദേഹത്തിൻെറ കഴിവു നല്ലവണ്ണം പ്രയോഗിക്കുകയും തന്മൂലം നല്ല പേരും പെരുമയും സമ്പാദിക്കുകയും ചെയ്തു. അദ്ദേഹത്തിനുള്ള കേസ്സുകളിൽ സിംഹഭാഗവും വാണിജ്യപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. ഒരു വർഷത്തിൽ നാല്പതിനായിരം പവൻവരെ അദ്ദേഹം ഉണ്ടാക്കി വന്നു. അദ്ദേഹത്തിൻെറ അനന്യലഭ്യമായ കഴിവും സാമർത്ഥ്യവുംകൊണ്ടു് അറേറാർണി ജനറലായി നിയമനം കിട്ടി. പക്ഷേ പാർലമെൻറിൽ അദ്ദേഹത്തിനു വേണ്ടവിധം ശോഭിക്കുവാൻ കഴിയാത്തതുകൊണ്ടു് ലോഡ് ചീഫ് ജസ്റ്റീസായി അദ്ദേഹം നിയമിക്കപ്പെട്ടു. അവിടെയും അദ്ദേഹത്തിന് പറയത്തക്ക വിജയം ഉണ്ടായില്ല. അനന്തരം ഒന്നാംലോകമഹായുദ്ധത്തിൽ അമേരിക്കയിൽ ഒരു പ്രതിനിധിയായിപോകുകയും

അതിൽ വളരെ സ്തുത്യർഹമായി സേവനം നടത്തി വലിയ നേട്ടങ്ങൾ ഇംഗ്ലണ്ടിനു ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞൻ, നിയമപണ്ഡിതൻ, വ്യവസായവിദഗ്ദ്ധൻ എന്ന നിലകളിൽ അദ്ദേഹം മാന്യ പദവിയെ പ്രാപിച്ചു എന്നു നിസ്സംശയം പറയാം.

ഒടുവിൽ അദ്ദേഹം വളരെയധികം ഉത്തരവാദിത്വമുള്ള ഇൻഡ്യൻ വൈസ്രായി ഉദ്യോഗം സ്വീകരിച്ചു. ഇതു് അദ്ദേഹത്തിനു യോജിച്ചതായിരുന്നെന്നും അല്ലെന്നും അഭിപ്രായക്കാരുണ്ടു്. വിമർശകരുടെ വീക്ഷണഗതിയനുസരിച്ചാണല്ലോ ആളുകളുടെ പ്രാപ്തിയും അപ്രാപ്തിയും നിശ്ചയിക്കുന്നതു്.

ഈവിധം പല മഹാന്മാരുടെയും ജീവിതത്തിൽനിന്നും നമുക്കു പഠിക്കേണ്ട പാഠം ആദ്യം പല കാര്യങ്ങളിലും പരാജയമടഞ്ഞിരുന്നാലും അതിലൊന്നിലും ചാഞ്ചല്യം ഭാവിക്കാതെ സധൈര്യം മുന്നോട്ടുപോയി ജീവിതലക്ഷ്യത്തിൽ എത്തിച്ചേരണമെന്നുള്ളതാണു്. എല്ലാപേർക്കും നന്നാകുവാനുള്ള കഴിവുകളുണ്ടെന്നുള്ള വിശ്വാസത്തിൽ അശ്രാന്തപരിശ്രമംചെയ്തു മുന്നോട്ടുപോകതന്നെ വേണം.

# 12

## സ്ഥിരമനോഭാവം

വ്യാപാരപരമായ കാൎയ്യങ്ങളിൽ സ്ഥിരത ചില പ്പോൾ വളരെയധികം ദോഷംചെയ്യുമെന്ന് നമുക്ക അനു ഭവപ്പെടാറുണ്ട്. പ്രസ്തുത മനഃസ്ഥിതിക്ക മക്കടമുഷ്ടിയുടെ ഒരു നേരിയ ഛായയുണ്ടെന്നുപോലും പറയാതിരിക്കുവാൻ തരമില്ല. ദൈനംദിനസംഭവങ്ങളേയും, ദേശകാലാവസ്ഥ കളെയും സൂക്ഷ്മമായി പഠിച്ചാൽ അവിടെയും പരിവത്തന ങ്ങൾ സംഭവിക്കുന്നുണ്ടെന്നു നമുക്ക കാണ്മവാൻ കഴിയും. നിമിഷംപ്രതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതി കൾക്കും സംഭവങ്ങൾക്കും അനുസരണമായി പ്രവൎത്തിക്ക യല്ലാതെ ഒരേ നില സ്വീകരിച്ചുകൊണ്ടു പരിതഃസ്ഥിതി കളുമായി ഇടപെടുന്നതു് ഉചിതമല്ല.

മുൻപ്രസ്താവിച്ചപ്രകാരം നിശ്ചിതമായ ഒരു നില സ്വീകരിച്ചു മുന്നോട്ടുപോകുന്നപക്ഷം വളരെ അബദ്ധ ങ്ങൾ സംഭവിക്കുന്നതാണ്. പരിതസ്ഥിതികളുടെ വ്യത്യാസ മനുസരിച്ച് കാലോചിതമായ ഓരോ നയങ്ങൾ സ്വീക രിച്ചു പെരുമാറാതിരിക്കുന്നപക്ഷം നമ്മുടെ വിവേചനാ ശക്തി നശിച്ചുപോവുന്നതാണ്. തന്മൂലം നാം സമ്പാ ദിച്ച ലോകപരിചയവും പ്രവൎത്തനരീതികളും ഉപേക്ഷിക്കാ നിടയാകുന്നു. താൻ സ്ഥിരതയുള്ളവനാണെന്നു വൃഥാഭി മാനംകൊള്ളുന്നവൻ യഥാൎത്ഥസത്യങ്ങളെ അവഗണിക്ക

യത്രേ ചെയ്യുന്നതു്. സ്വയം ചെയ്യുന്നതെല്ലാം ശരി, മററുള്ളവയെല്ലാം തെററ് എന്നുൽഘോഷിക്കുവാനും അയാൾ മടിക്കുന്നില്ല.

സ്ഥിരത എന്ന ഗുണത്തിനു മുൻപറയപ്പെട്ട ദോഷങ്ങൾ ഉണ്ടെന്നു പറഞ്ഞതുകൊണ്ടു് അസ്ഥിരമായ നിലയെ ഒരു ആദർശമായി സ്വീകരിക്കുന്നതു മൌഢ്യമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ജീവസന്ധാരണത്തിന് ഒരൊററ സിദ്ധാന്തമോ പ്രമാണമോ വച്ചുകൊണ്ടിരിക്കുന്നതു് ഉചിതമല്ല എന്നു വന്നുകൂടുന്നു.

സന്ദർഭത്തിനനുസരിച്ചു പെരുമാറുവാൻ കഴിയാതെ നിശ്ചിതമായ നില സ്വീകരിച്ചുകൊണ്ടു മുന്നോട്ടുപോയ അനേകമനേകം ഭരണകർത്താക്കന്മാർ അധഃപ്പതിച്ചിട്ടുള്ളതിനു് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. വിജയത്തിന് ഔചിത്യത്തോടുകൂടിയ പ്രവർത്തനം തികച്ചും അനുപേക്ഷണീയമാണു്. ബുദ്ധിമാന്മാരായ ഭരണകർത്താക്കൾ സ്വാഭിപ്രായത്തെ അല്പം മാററേണ്ടിവന്നാലും ജനഹിതത്തിനനുസരണമായി പ്രവർത്തിച്ചു കലാപങ്ങൾക്കിടവരുത്താതെ മുന്നോട്ടുപോകുന്നു. മുൻപു പ്രതിഷേധിക്കപ്പെട്ട നടപടികൾപോലും സന്ദർഭാനുസരണം നടപ്പിൽ വരുത്തുവാൻ കാലാന്തരത്തിൽ അവർക്കു സാധിക്കുന്നു.

കാലാവസ്ഥയുടെ വ്യതിയാനമനുസരിച്ചു് വ്യവസായകാര്യങ്ങൾ ചിലപ്പോൾ അഭിവൃദ്ധിയിലും ചിലപ്പോൾ മന്ദതയിലും നീങ്ങുന്നതു നമുക്കു അനുഭവമായ ഒരു കാര്യമാണല്ലോ. വ്യവസായകാര്യങ്ങൾ അനാനിമിഷം മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഒരുവൻ സ്ഥിര

നിശ്ചയത്തോടുകൂടി സാധനങ്ങൾ വാങ്ങുന്നുവെന്നിരിക്കട്ടെ. ആ സ്ഥിരനിശ്ചയം എത്രകണ്ടു അപകടം പിടിച്ചതാണെന്നു് അനന്തരഫലങ്ങൾ അവനെ പഠിപ്പിക്കുന്നതാണു്.

അതുപോലെതന്നെ വാണിജ്യവിഭവങ്ങൾക്കു മാർക്കററിൽ വില കുറവായിരിക്കുമ്പോൾ സാധനങ്ങൾ വില്ക്കുവാൻ നിർബ്ബന്ധിക്കുന്നതും പരാജയസമ്പൂർണ്ണമായ ഒരു പ്രവൃത്തിയായിരിക്കും. ഇതിൽനിന്നെല്ലാം സന്ദർഭാനുസരണം വേണ്ടതു പ്രവൎത്തിക്കുകയാണു് കരണീയമായിട്ടുള്ളതെന്നു വന്നുകൂടുന്നു. അപ്രകാരം പ്രവൎത്തിക്കുന്നവൎക്കു മാത്രമെ വിജയസമ്പാദനം സാദ്ധ്യമാകയുള്ളൂ.

ഉദാഹരണമായി ഒരു ബാങ്കുവ്യവസായത്തെ എടുക്കാം. അഭിവൃദ്ധിയോടുകൂടി നടന്നുകൊണ്ടിരുന്ന പ്രസ്തുത സ്ഥാപനം മൂലധനത്തിൻെറ കുറവുകൊണ്ടോ മററു് അപ്രതീക്ഷിതമായ കാരണങ്ങളാലോ അധഃപതിക്കുവാൻ ഇടവന്നുവെന്നിരിക്കട്ടെ. പല പ്രതിവിധികളെക്കൊണ്ടും ഉദ്ധാരണം സാദ്ധ്യമാകുന്നില്ലെന്നുവരികിൽ ഒന്നുകിൽ അതു മറേറതെങ്കിലും നല്ല ബാങ്കുകളുമായി യോജിപ്പിക്കുകയോ അല്ലാത്തപക്ഷം ആൎക്കെങ്കിലും വില്ക്കുകയൊ ചെയ്തു് അധികനഷ്ടത്തിലേക്കു് ഇടകൊടുക്കാതെ സൂക്ഷിക്കണം. പ്രത്യുത എന്തുതന്നെ വന്നാലും ഞാൻ ബാങ്കു തുടർന്നുകൊണ്ടുപോകും എന്നു ശഠിക്കുന്നവൻ അധഃപതിക്കുകതന്നെ ചെയ്യും.

ആയതിനാൽ വിജയകാംക്ഷയുള്ള ആരും സന്ദർഭത്തിനു് അനുരൂപമായി നയരൂപീകരണംചെയ്തു മുന്നോട്ടു പോകേണ്ടതാകുന്നു.

13

# മുൻവിധി

ഏതൊരു വ്യക്തിയെയും അപകടത്തിലേക്കു നയിക്കുന്ന ദുഃസ്വഭാവങ്ങളിലൊന്നാണു് മുൻവിധി. ഒരുവൻെറ ജനനകാലം മുതൽ മുൻപറഞ്ഞ ദുഃസ്വഭാവം ക്രമാനുഗതമായി വളൎന്നുകൊണ്ടിരിക്കുന്നു. പക്ഷേ നമുക്കു ലഭ്യമാകുന്ന ലോകപരിചയത്തിൻെറ ഫലമായി ഉണ്ടാവുന്ന മാനസികവികസനത്താൽ ഈ സ്വഭാവദൂഷ്യം കാലക്രമേണ ദൂരീകരിക്കുവാൻ കഴിയുന്നതാണു്.

മുൻവിധി നമ്മുടെ വിവേചനാശക്തിയെ നശിപ്പിക്കുകയും ലോകകാൎയ്യങ്ങളെ സംബന്ധിച്ച വീക്ഷണം വെറും ഇടുങ്ങിയ പരിധികളുളിൽ ആക്കിത്തീൎക്കുകയും ചെയ്യുന്നു. മുൻവിധികൂടാതെ ജീവിക്കുന്നവൻ അവൻെറ മനസ്സിനെ വലയംചെയ്തിരുന്ന ഇരുമ്പുവേലിയിൽനിന്നും വിമുക്തനായവനാകുന്നു. നാം ഓരോരുത്തരും ലോകകാൎയ്യങ്ങളിലേക്കു പ്രവേശിക്കുമ്പോൾ ചില അന്ധവിശ്വാസങ്ങളും അജ്ഞതകളും നമ്മെ വലയംചെയ്യുന്നുണ്ടു്. കുടുംബപാരമ്പൎയ്യം, ചെറുപ്രായത്തിലെ പരിശീലനം, നാം വളരുന്ന പശ്ചാത്തലം എന്നിവയെല്ലാം ഓരോ മുൻവിധി നമ്മിൽ അങ്കുരിപ്പിക്കും. അവയെ വേഗം ഉപേക്ഷിക്കുന്നതു് പ്രയാസമേറിയ ഒരു സംഗതിയാണെന്നു സമ്മതിക്കണം.

ഒരു ക്രൃസ്തീയപുരോഹിതന്റെ പുത്രൻ സ്വപിതാവിന്റെ ജോലിതന്നെ സ്വീകരിക്കുവാൻ കാംക്ഷയുള്ളവനായിത്തീരുന്നു. അയാൾ ചെറുപ്പത്തിൽ വളൎന്നു വന്ന ക്രൈസ്തവവിഭാഗത്തോട് പ്രത്യേക പ്രതിപത്തിയും അന്തരംഗത്തിൽ ഒരു മുൻവിധിയും അതിനനുകൂലമായിട്ടുണ്ടാകുന്നു. പുതിയ ചിന്തകളും അനുഭവങ്ങളും മതത്തെപ്പററിയുള്ള സ്വാഭിപ്രായത്തിനു മാററങ്ങൾ വരുത്തിയേക്കാമെങ്കിലും സ്ഥായിയായ താല്പൎയ്യം ബാല്യദശയിൽ പരിശീലിച്ച മതവിശ്വാസത്തിന്, അനുകൂലമായിരിക്കും. ഇതുപോലെതന്നെയാണ്, രാഷ്ട്രീയമായും സാമുദായികമായും, സാഹിത്യപരമായും ഉള്ള കാൎയ്യങ്ങളിലും മനുഷ്യർ പ്രവൎത്തിക്കുന്നതു്. ഇവയിൽ മതപരമായ കാൎയ്യങ്ങൾക്കാണ് അധികംപേരും പ്രാധാന്യം കല്പിക്കുന്നതെന്നുകൂടി എടുത്തുപറയേണ്ടിയിരിക്കുന്നു.

മുൻവിധി രൂപമെടുക്കുന്നതു പലേ തരത്തിലാണ്. രണ്ടുപേർ തമ്മിലുള്ള സംഭാഷണമദ്ധ്യേ മൂന്നാമതൊരാളെപ്പററി ദോഷാരോപണംചെയ്തു് സ്നേഹിതനെ മനസ്സിലാക്കുന്നുവെന്നിരിക്കട്ടെ. പ്രസ്തുത ദോഷാരോപണം കേൾക്കുന്ന ആൾ, അയാളെപ്പററി തെററായി ധരിക്കുകയും അതിൽനിന്നും അയാളെപ്പററി ഒരു മുൻവിധി ഉണ്ടാവുകയും ചെയ്യുന്നു. വാസ്തവത്തിൽ ആ വ്യക്തി തികഞ്ഞ ഒരു സൽഗുണസമ്പന്നനായിരിക്കും.

വ്യവസായകാൎയ്യങ്ങളിലും മുൻവിധി വളരെ ദോഷം ചെയ്യുന്ന ഒന്നാണെന്നു നമുക്കു അനുഭവപ്പെടുന്നതാണ്.

വ്യാപാരങ്ങളിൽ ഇടപെട്ടാൽ നഷ്ടം സംഭവിക്കുമെന്നു മുൻവിധി കല്പിക്കുന്ന ആളുകൾ ആ വക കാര്യങ്ങളിലൊന്നിലും ഇടപെടാതെ വെറും മടിയന്മാരായി കാലം പ്രയോജനരഹിതമായി നഷ്ടപ്പെടുത്തുന്നു. കാലക്രമേണ അവർ ഭീരുക്കളായി പരിണമിക്കുകയും തദ്വാരാ അവരുടെ ജീവിതം ഒരു തികഞ്ഞ പരാജയമായിത്തീരുകയും ചെയ്യുന്നതാണ്. പ്രത്യുത, മേൽപ്പറഞ്ഞ മുൻവിധിക്ക് അടിമപ്പെടാതെ വേണ്ടവിധം പ്രവർത്തിക്കുന്നവർക്ക് ലോകരംഗത്തിൽ നല്ല സ്ഥാനം കരസ്ഥമാക്കുവാൻ കഴിയും.

മതപരമായും രാഷ്ട്രീയമായുമുള്ള കാര്യങ്ങളിലും മുൻവിധി വളരെ കുഴപ്പങ്ങൾക്കു കാരണമാകുന്നു. നേതാക്കന്മാരായിട്ടുള്ളവർ ചില രാഷ്ട്രീയാദർശങ്ങൾ വേദവാക്യം പോലെ കരുതുന്നു. ലോകം എത്രകണ്ടു പുരോഗമിച്ചാലും അവർ അവരുടെ ആദർശത്തെ മുറുകെ പിടിക്കുന്നു. പുരോഗമനവാദികൾ ഇക്കൂട്ടരെ തികഞ്ഞ യാഥാസ്ഥിതികരായി മുദ്രയടിക്കുന്നു. യാഥാസ്ഥിതികർ പുരോഗമനവാദികളെ കൊള്ളരുതാത്തവരായും കരുതുന്നു. ഈ വിപരീതാദർശങ്ങൾ തമ്മിലുള്ള സംഘട്ടനത്തിന്റെയും തന്മൂലമുണ്ടാകുന്ന കലാപത്തിന്റെയും ഫലമായി യാതൊരു രാഷ്ട്രത്തിനും സമാധാനപരമായി കഴിഞ്ഞുകൂടുവാൻ സാദ്ധ്യമാകുന്നില്ല.

മേൽ പറയപ്പെട്ട കക്ഷികളിലൊന്നും ചേരാതെ നില്ക്കുന്നവൻ മുൻവിധികൊണ്ടുള്ള അധികം ദോഷം അനുഭവിക്കുന്നില്ല. പരിതഃസ്ഥിതിയുടെ മാററത്തിനനുസരണ

മായി ജീവിക്കുവാൻ കഴിയുന്നവന് മുൻവിധിയിൽ നിന്നൊഴിഞ്ഞു് അധികം ക്ലേശങ്ങളനുഭവിക്കാതെ ജീവിക്കുവാൻ സാധിക്കുന്നതാണ്.

ഇന്നത്തെ യുവതീയുവാക്കന്മാർ വിവേചനാപൂർവ്വം ജീവിതവ്യാപാരങ്ങളിൽ ഇടപെടുന്നപക്ഷം മുൻവിധി കൊണ്ടുള്ള അപകടങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കുവാൻ സാധിക്കും. പ്രായംചെന്നവരും പുരോഗതിക്കനുസരണമായി അവരുടെ ആശയങ്ങൾക്കു പുതുമകൊടുത്തു് പഴയ ആശയങ്ങളെ പുറംതള്ളി ജീവിതം വിജയപ്രദമാക്കേണ്ടതാണ്.

അന്ധവിശ്വാസങ്ങളിൽ നിന്നും ഉളവാകുന്ന മുൻവിധിയെ ദൂരീകരിക്കുവാൻ ഏതൊരു വ്യക്തിയും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്. ജീവിതവ്യാപാരത്തിൽ ഏർപ്പെടുന്നവർ ജാതിമതചിന്തയോടുകൂടി പെരുമാറുന്നതു് തീരെ ഉചിതമല്ല. കാലത്തിൻെറ നീക്കം അനുസരിച്ചു് ആശയങ്ങൾക്കു പുതുമയും പരിശുദ്ധിയും വരുത്തേണ്ടതാണ്. അനാചാരങ്ങളെയും അന്ധവിശ്വാസജടിലമായ നിയമസംഹിതകളെയും ദൂരീകരിക്കുവാൻ ഏവരും ശ്രമിച്ചാൽ, മുൻവിധി മൂലമുള്ള ഉപദ്രവങ്ങളിൽനിന്നും ഒഴിഞ്ഞു നില്ക്കുവാൻ സാധിക്കുന്നതാണ്.

മുൻവിധി, അഹങ്കാരവും സ്വയം പ്രശംസയും ഇടകലർന്നുള്ള സ്വഭാവത്തിൽനിന്നും രൂപം പ്രാപിക്കുന്നു

താണു്. പ്രസ്തുത മാനസികനിലയുള്ളവർക്കു് ഒരിക്കലും സന്തോഷകരമായ ജീവിതം നയിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ ഏതൊരു കാര്യവും വിവേചനാപൂർവ്വം കൈകാര്യംചെയ്തു് ഫലപ്രാപ്തിയിൽ എത്തുകയല്ലാതെ മുൻകൂട്ടി തീർച്ചചെയ്തു് അപകടം കൈവരിക്കാതിരിക്കാൻ എല്ലാപേരും ശ്രമിക്കേണ്ടതാണു്.

## 14

# വക്രവീക്ഷണം (അവമർഷണശീലം)

പ്രാപഞ്ചികമര്യാദകളെ നിന്ദിക്കുകയും, ഏതൊരു പ്രവൃത്തിയെയും സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുന്ന സ്വഭാവഗതിയെ Cynicism (വക്രവീക്ഷണം) എന്നു നാമകരണം ചെയ്യാവുന്നതാണ്. സ്ഥിരതയില്ലായ്മയുടെയും, അപ്രാപ്തിയുടെയും മൂഢന്യതയിൽനിന്നാണ് ഈ ദൂഷിച്ച വശം ഒരുവനിൽ ഉൽഭൂതമാവുന്നത്. ഇക്കൂട്ടർ ഒരു രാഷ്ട്രത്തിന്റെ അഭിവൃദ്ധിയിലേക്കുള്ള പ്രയാണത്തിൽ വിലങ്ങുതടികളാവുകയല്ലാതെ, ഉപകാരികളായിട്ടൊരിക്കലും കാണപ്പെടുന്നില്ല. സ്വന്തമായിട്ടുള്ള ഉത്തരവാദിത്വബോധമില്ലായ്മകൊണ്ടാണ് ഈ വക ദൂഷിച്ച മനഃസ്ഥിതിക്ക് ഇവർ അടിമകളാവുന്നത്. കൈവിറയ്ക്കാതിരിക്കുവാൻ വിലങ്ങു സ്വീകരിക്കുന്നപോലെയാണ് ഇത്തരക്കാരുടെ പ്രവൃത്തികൾ കണക്കാക്കപ്പെട്ടിരിക്കുന്നത്.

സ്വാർത്ഥബുദ്ധിയോടുകൂടി സകലതും സംശയിക്കുന്ന സ്വഭാവഗതി ക്ഷന്തവ്യമെന്നു ചിലർക്ക് തോന്നിയേക്കാം. യഥാർത്ഥസത്യങ്ങളെ മറച്ചുവെയ്ക്കുന്നതുകൊണ്ടാണ് ഈ നികൃഷ്ടസ്വഭാവം ഒരുവനിൽ ഉണ്ടാവുന്നതെന്നു സൂക്ഷിച്ചാൽ മനസ്സിലാക്കാൻ കഴിയും. സംശയദൃഷ്ടിയോടുകൂടി ലോകവ്യാപാരത്തിലിടപെടുന്നവന്ന വിജയം കൈവരിക്കുക സുഗമമായ ഒരു കാര്യമല്ല. യഥാർത്ഥസംഗതികളെ

മറച്ചുവെയ്ക്കുന്നതിനും നിഷിദ്ധമായതിനെ സ്വീകരിക്കുവാനുള്ള പ്രേരണാശക്തി വർദ്ധിച്ച് മനഃശക്തി ഇല്ലാതാവുന്നതിനും ഇതു കാരണമായിത്തീരുന്നു. വ്യക്തിക്കു വ്യക്തയോടും രാഷ്ട്രത്തിനു രാഷ്ട്രത്തോടുമുള്ള സംശയത്തിനു നിദാനമായും ഈ വിലക്ഷണസ്വഭാവം കരുതപ്പെട്ടുപോരുന്നുണ്ട്. സന്മാർഗ്ഗചിന്തയുടെയും സദാചാരനിഷ്ഠയുടെയും കണ്ഠകോടാലികളായി ഇത്തരം സ്വഭാവമുള്ളവർ ജീവിതം നയിക്കുന്നു.

അക്രമങ്ങളും അനീതികളും വർദ്ധിക്കുന്നതു് വക്രബുദ്ധിയോടുകൂടിയുള്ള പെരുമാററംകൊണ്ടാണ്. ഇത്തരത്തിലുള്ള പെരുമാററം നിമിത്തം കഴിഞ്ഞ ലോകമഹായുദ്ധങ്ങൾക്കുശേഷമുണ്ടായ വിഷമപ്രശ്നങ്ങൾ എത്രമാത്രമെന്നു് ഒന്നു പരിശോധിച്ചുനോക്കിയാൽ ആരും അമ്പരന്നു പോവുകതന്നെചെയ്യും.

വാണിജ്യത്തിലേപ്പെട്ടിരിക്കുന്ന വ്യക്തികൾക്കു മുൻപറഞ്ഞ ദുഷിച്ച മനഃസ്ഥിതി ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട്ടുണ്ടാവുന്ന ദുരന്തരഫലങ്ങൾ അചിന്ത്യങ്ങളാകുന്നു. ഇന്നത്തെ കരിഞ്ചന്തപ്രസ്ഥാനം അതിനു മതിയായ ഒരു ഉദാഹരണമാണ്. ഇന്നു് ഏതൊരു പ്രസ്ഥാനത്തെയും, അതിൻെറ മഹാത്മ്യത്തെ അശേഷം ചിന്തിക്കാതെ തച്ചുടയ്ക്കാൻ കരിങ്കാലികൾ വെമ്പൽകൊള്ളുന്ന കാഴ്ച നിത്യസംഭവങ്ങളിലൊന്നല്ലയോ? അമിതലാഭമെടുക്കുന്നവർ വിശാലമനഃസ്ഥിതിയോടുകൂടി ഒന്നു ചിന്തിച്ചുനോക്കട്ടെ അവരുടെ പ്രവൃത്തി എത്രമാത്രം നീതിപൂർവ്വകമാണെന്നു്. തികഞ്ഞ വക്രബുദ്ധിയിൽനിന്നുമാണ് ഈ അമിതലാഭം അവർ കരസ്ഥമാക്കുന്നതു്.

വക്രതയുടെയും അവിശ്വാസത്തിന്റെയും വൎദ്ധനവിലാണ് സകല കലാപങ്ങളും രൂപമെടുക്കുന്നതു്. കഴിഞ്ഞ ലോകമഹായുദ്ധങ്ങൾ അതിനു ശരിയായ തെളിവാണ്. യുദ്ധാനന്തരം പലേ നേട്ടങ്ങളും ഉണ്ടായിട്ടുണ്ടെന്നു പറയാതിരിക്കുവാൻ തരമില്ല. തൊഴിലാളികൾക്കു ന്യായമായ കൂലി കിട്ടിത്തുടങ്ങിയിരിക്കുന്നു. തങ്ങളുടെ അവകാശങ്ങൾ കണക്കു പറഞ്ഞു വാങ്ങിക്കുവാനുള്ള തന്റേടം ഇന്ന് ആരിലും കാണുന്നുണ്ടു്. ജോലിചെയ്തു ജീവിക്കുക അഭിമാനകരമായി ഇന്ന് ആരും കരുതിപ്പോരുന്നുണ്ടു്. പക്ഷേ അക്രമപ്രസക്തമായ ഉദ്യമങ്ങൾ അസ്ഥാനത്തിൽ കലാശിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

എന്നാൽ അവശതയനുഭവിക്കുന്നവരെയും അശരണരേയും വേണ്ടത്ര ഇന്നത്തെ ലോകം ബഹുമാനിക്കുന്നുണ്ടോ എന്ന കാൎയ്യം സംശയത്തിലാണ്. നമ്മുടെ നിത്യജീവിതത്തിൽ അനുഷ്ഠിക്കേണ്ട ആചാരങ്ങളും മൎയ്യാദകളും ഇന്ന് അധഃപതിച്ചുവരികയാണ്. സ്ത്രീകൾക്കു മുൻഗണനയും മററുംകൊടുക്കുന്ന കാൎയ്യത്തിൽ ഇന്നും അധികം പേരും അനാസ്ഥ കാണിച്ചുവരുന്നു. ഇതു് സമുദായത്തെ ബാധിച്ചിരിക്കുന്ന ഒരു തീരാവ്യാധിയെന്നല്ലാതെ എന്താണു പറയേണ്ടതു്! ഉദ്ദേശരഹിതമായ ജീവിതം അൎത്ഥമില്ലാത്ത ഒന്നാണ്. മാനമൎയ്യാദകളെ അനുസരിക്കാതെ വക്രബുദ്ധിയോടും നിന്ദാസ്വഭാവത്തോടും വൎത്തിക്കുന്ന സമുദായം കാലതാമസംകൂടാതെ അധഃപതിക്കുകതന്നെചെയ്യും.

സാമ്പത്തികാധഃപതനത്തിന്റെ പരിഹാരത്തിന് ധനതത്വശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്ന പദ്ധതികൾ അനുസരിച്ചു പ്രവർത്തിക്കുന്നതിന് നമ്മുടെ ശിഥിലമായ വിശ്വാസം വീണ്ടും ഉദയംചെയ്യേങ്കിലേ സാധിക്കുകയുള്ളു. വ്യവസായപുരോഗതിക്കുവേണ്ടി അദ്ധ്വാനിക്കുന്നതിന് അഭിമാനവും നിപുണതയും അത്യന്താപേക്ഷിതമാണ്. തൊഴിൽപരമായും മററുമുള്ള അഭിവൃദ്ധിക്കു വേണ്ട മാർഗ്ഗങ്ങൾ വ്യവസായവിദഗ്ദ്ധന്മാർ നമുക്ക് ഉപദേശിച്ചു തന്നിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് തൊഴിലാളിയും മുതലാളിയും രഞ്ജിപ്പായി കഴിയുന്നതിനും മുതലാളിക്കു ന്യായമായ ആദായവും തൊഴിലാളിക്കു ശരിയായ വേതനവും ലഭിക്കുന്നതിനും സാദ്ധ്യതകൾ വളരെയധികമുണ്ട്. തൊഴിലാളിക്കുള്ള ജോലിസമയത്തിന്റെ പരിധി, വിദ്യാഭ്യാസപരമായും ആരോഗ്യപരമായുമുള്ള അഭിവൃദ്ധിക്കുള്ള സജ്ജീകരണങ്ങൾ, അവരുടെ കുടുംബാഭിവൃദ്ധിക്കുള്ള മററു സൌകര്യങ്ങൾ, ഇവയെല്ലാംതന്നെ വേണ്ടത്ര മുൻകരുതലുകൾ ഇന്നു ചെയ്തുപോരുന്നുണ്ട്. വാസ്തവത്തിൽ പുനരുദ്ധരിക്കേണ്ടതു് മനുഷ്യന് മനുഷ്യനിലുള്ള വിശ്വാസമാണ്. അല്ലാതെ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള അവിശ്വാസം മാറിയാൽ പോരാ. തൊഴിലാളിക്കു തൊഴിലാളിയോടും മുതലാളിക്കു മുതലാളിയോടും വിശ്വാസം ഉണ്ടാകുന്നതോടൊപ്പംതന്നെ മനുഷ്യർക്കു അവനവനിൽതന്നെയുള്ള വിശ്വാസവും ദൃഢമൂലമാകേണ്ടതാണ്.

സംശയസ്വഭാവവും സൽഗുണനിന്ദയുംകൊണ്ടു് അധഃപതിച്ച ഒരു സമുദായത്തിനു് വ്യവസായപരിഷ്കാരം നിശ്ചയിക്കുന്ന പ്രതിവിധികാം ഫലപ്രദമാകയില്ല. പ്രസ്തുത സമുദായം ഉൾക്കൊള്ളുന്ന രാഷ്ട്രത്തിലെ ഭരണാധികാരികാം ആദ്യമായി ശ്രമിക്കേണ്ടതു് ആ ജനതതിയുടെ മാനസികമായ അഭിവൃദ്ധിക്കുവേണ്ടിയാണു്.

ജീവിതത്തിൽ വിജയം നേടണമെങ്കിൽ ജീവിതത്തിൽ നാം വിശ്വസിക്കണം എന്നാണു് ദീർഘദർശിയായ ഒരു തത്വചിന്തകൻ അഭിപ്രായപ്പെടുന്നതു്. അവിശ്വാസിക്കു് ജീവിക്കുവാനുള്ള അവകാശം ഇല്ലെന്നുതന്നെ പറയാം. ഇന്നു പലക്കും ജീവിതത്തിൽ വിശ്വാസമില്ലാതായി തീന്നിരിക്കയാണു്. മഹാന്മാരുടെ ചരിത്രം ശരിയാംവണ്ണം മനസ്സിലാക്കിയാൽ അവർ അവരുടെ ജീവിതത്തിൽ ഒട്ടും അവിശ്വസിച്ചിരുന്നില്ല എന്നു കാണുവാൻ കഴിയും.

# 15

# ധാർമ്മികബോധം

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മനുഷ്യസൃഷ്ടിയുടെ ഉൽകൃഷ്ടോദ്ദേശത്തിൽ പൂർണ്ണമായി വിശ്വസിച്ചു. മനുഷ്യഭാഗ്യത്തെപ്പററി അദ്ദേഹം ഒട്ടുംതന്നെ സംശയിച്ചിരുന്നില്ല. അദ്ദേഹം സൽഗുണനിന്ദകനോ വക്രബുദ്ധിയോ ആയിരുന്നില്ലെന്നുള്ളത് ആരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണല്ലോ. ധീരതയോടും ആത്മവിശ്വാസത്തോടും കൂടി അദ്ദേഹം സമുദായസേവനത്തിനു സന്നദ്ധനായി. ദരിദ്രലക്ഷങ്ങളോടൊത്തു ജീവിച്ചു. ലോകവാസികളാകമാനം ആ പൂജ്യപാദൻെറ തത്വങ്ങളിൽ രോമാഞ്ചംകൊള്ളുകയാണു്. ഇന്നു് എത്രയെത്ര സ്മാരകങ്ങൾ അദ്ദേഹത്തിൻെറ പേരിൽ സ്ഥാപിക്കുന്നു! ആത്മീയശക്തിയിലും അഹിംസയിലും അദ്ദേഹത്തിനുള്ള വിശ്വാസത്തെ വിലമതിക്കുവാൻ ആർക്കാണു സാധിക്കുന്നതു്? താൻ പൂർണ്ണമായി വിശ്വസിച്ച പരമോൽകൃഷ്ടതത്വങ്ങൾക്കുവേണ്ടി സ്വജീവിതം അദ്ദേഹം അർപ്പിച്ചു. ഒന്നിലും അദ്ദേഹത്തിനു തെല്ലും അവിശ്വാസമില്ലായിരുന്നു. ആ പുണ്യപുരുഷൻ മനുഷ്യരുടെ ഗുണത്തിൽ വിശ്വസിച്ചിരുന്നു.

സാമ്പത്തികപുരോഗതി അഭിലഷിക്കുന്നവരെല്ലാം ധാർമ്മികവും ആദ്ധ്യാത്മികവുമായ ചുമതലകൾ പാലിക്കുന്നതിൽ നിഷ്കൃഷ്ടയുള്ളവരായിരിക്കേണ്ടതാണു്. രാഷ്ട്രീയ

ചിന്തകൾ ഉത്തമവും ആദർശശുദ്ധിയുള്ളവയുമായിരിക്കണം. നൂതനചിന്തകൾ ജനതതിയുടെ പാവനമായ വാസനകളെ ഉത്തേജിപ്പിക്കുവാൻ തക്കവണ്ണം ആദർശസമ്പൂർണ്ണവും മാർഗ്ഗദർശകവും ആയിരിക്കേണ്ടതാണ്. പ്രത്യുത, വർഗ്ഗീയവും സ്വാർത്ഥപരവുമായിരുന്നാൽ ഗുണത്തേക്കാളധികം ദോഷം ഉണ്ടായിത്തീരുന്നതാണ്. ഈവിധത്തിലുള്ള നല്ല മാററങ്ങൾ വന്നാൽ ശാസ്ത്രജ്ഞന്മാരും വ്യവസായധുരന്ധരന്മാരും നിർദ്ദേശിക്കുന്ന പ്രതിവിധികളും ഉപദേശങ്ങളും സഫലമാകാതെയിരിക്കയില്ല.

ഒരിക്കൽ ഒരു പ്രധാനമന്ത്രി നിയമസഭാസമ്മേളനത്തിൽവച്ച് പ്രസ്താവിച്ചതു ഇപ്രകാരമാണ്. "ബുദ്ധിയും ശരിയായ ജാഗ്രതയും ചിന്താശീലവുമുള്ള സാമാജികന്മാരാൽ അലങ്കരിക്കപ്പെടുന്ന ഒരു നിയമസഭ അധികമധികം പ്രവർത്തിക്കേണ്ടതു് രാജ്യത്തിൽ സത്യസന്ധന്മാരായ നേതാക്കന്മാരെയും ജനങ്ങൾക്കു സുരക്ഷിതമായി കാലയാപനം ചെയ്യുവാനുതകുന്ന പശ്ചാത്തലത്തെയും സൃഷ്ടിക്കുവാൻ ലോകത്തെ സംവിധാനം ചെയ്യുന്നതിലാണ്." യശശ്ശരീരികളായ ലോകമാന്യതിലകൻ, മഹാത്മാഗാന്ധി, പണ്ഡിററ് മോട്ടിലാൽനെഹ്റു, ചിത്തരഞ്ജൻദാസ്സ്, മൌലാനാമഹമ്മദാലി, ഷൌക്കത്താലി, ലാലാലജ്പത്റായി, വിതൽബായ് പട്ടേൽ മുതലായ മഹാന്മാർ വഹിച്ച നേതൃത്വവും സഹിച്ച ത്യാഗങ്ങളും എത്രയോ പാവനവും സ്വാർത്ഥരഹിതവുമായിരുന്നുവെന്നു ചിന്തിക്കുക! അവരുടെ സമകാലീനർക്കുമാത്രമല്ല പിൻഗാമികൾക്കും നല്കിയ പ്രേരണ എത്രകണ്ടു മഹത്തരമാണ്?

നമ്മുടെ നാട്ടിലെ കാര്യം ചിന്തിക്കുകയാണെങ്കിൽ, വിശ്വവിശ്രുതമായ വൈക്കം സത്യാഗ്രഹം, തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രസ്ഥാനം മുതലായവയും ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെട്ടത്തേണ്ട ധീരകൃത്യങ്ങളാണ്. ഈ പ്രസ്ഥാനങ്ങളുടെ പിന്നിൽ നിന്നു പ്രചോദനം നല്കിയ ആത്മീയചൈതന്യം എത്ര കണ്ടു മഹത്തരമായിരിക്കുന്നു.

പൌരസ്വാതന്ത്ര്യത്തെ അടിച്ചമർത്തിക്കൊണ്ടു മുന്നോട്ടുപോയ ആ ഏകശാസനഭരണം ഇന്നു തകർന്നു നാമാവശേഷമായി തീർന്നിരിക്കുന്നു. പഴയ അച്ചടക്കവും ഐക്യവും അക്രമരാഹിത്യവും നശിച്ചുപോയാൽ വീണ്ടും സമാധാനജീവിതം അധഃപതിച്ചുപോകുന്നതാണ്.

ജീവിതവ്യാപാരങ്ങളിലുള്ള വിഷമപ്രശ്നങ്ങളെ തരണംചെയ്യണമെങ്കിൽ ജീവിതോദ്ദേശ്യത്തിലുള്ള നഷ്ടമായ വിശ്വാസം വീണ്ടും അധീനതയിലാവണം. വക്രബുദ്ധിയും നിന്ദാസ്വഭാവവും എന്നെന്നേക്കുമായി മാറണം. സമസ്തസൃഷ്ടിയായ മനുഷ്യനെ നാശഹേതുവായി ഗണിക്കാതെ പരസ്പരവിശ്വാസവും ബഹുമാനവും ഉണ്ടാവണം. അപ്രകാരമുള്ള ഒരു നില കൈവരാതെ കേവലം സാമ്പത്തികോന്നമനത്തിനുള്ള പ്രതിവിധികൾകൊണ്ടുമാത്രം വലിയ പ്രയോജനം ഉണ്ടാവാൻ പ്രയാസമാണ്. വിശ്വാസത്തോടും സ്ഥിരതയോടും യത്നിക്കുന്നില്ലെങ്കിൽ നിരാശാഗർത്തത്തിലേക്കു നിപതിക്കുകയല്ലാതെ തരമില്ല.

ആററംബോംബിൻെറ ശക്തിയിൽ വിശ്വസിക്കുന്ന ഇക്കാലത്തു് എന്തെല്ലാമാണ് സംഭവിക്കാൻ പോകുന്ന

ത്തെന്ന് ഉൽഘോഷിക്കുവാൻ കഴിവുള്ള ദീർഘദർശികളൊ പ്രവാചകരൊ ഇതുവരെയും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടില്ല. ജനകീയഭരണം പ്രബുദ്ധതയിൽ വന്നുചേർന്നിരിക്കുന്ന ഈ ഘട്ടത്തിൽ ഭരണാധികാരികളുടെയും നേതാക്കന്മാരുടെയും അനുപേക്ഷണീയമായ കർത്തവ്യം, ധർമ്മവും സത്യവും രാഷ്ട്രത്തിൻെറ സന്മാർഗ്ഗബോധത്തിൽ വരുത്തുകയെന്നുള്ളതാകുന്നു. "ധർമ്മോസ്മൽ കുലദൈവതം" എന്ന മഹനീയാദർശമായിരിക്കണം ഏതൊരു വ്യക്തിയും പരിപാലിക്കേണ്ടതു്. സ്വാതന്ത്ര്യയിൻഡ്യയുടെ ആദർശവചനവും "സത്യമേവ ജയതി" എന്നാണല്ലൊ. നമ്മുടെ രാഷ്ട്രപിതാവിൻെറ മുദ്രാവാക്യവും ഇതുതന്നെയായിരുന്നു എന്നുള്ളതിൽനിന്നും അതിൻെറ മഹത്വം നമുക്കൂഹിക്കാവുന്നതാണ്.

നൂതനമായി ജന്മമെടുക്കുന്ന ഐക്യകേരളത്തിൻെറ ആദർശം എന്തായിരിക്കണമെന്നു നമുക്കു ചിന്തിക്കാം. കേരളീയരായ നമ്മുടെ പ്രവൃത്തികൾ ഉത്തമവും ആദർശസമ്പൂർണ്ണവും ആയിരിക്കണം. ഇന്നു് അവശതയനുഭവിച്ചു് അന്ധകാരത്തിലാണ്ടു കിടക്കുന്ന ബഹുഭൂരിപക്ഷത്തിൻെറ ഉന്നമനമായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം. സാർവ്വത്രികമായ ജീവിതസൌഖ്യം ലഭ്യമാവുന്നതിന് അനുയോജ്യമായ ഒരു സാമ്പത്തികവ്യവസ്ഥിതിയും ഇവിടെ രൂപമെടുക്കേണ്ടതു തികച്ചും അത്യാവശ്യമാണ്. അപ്രകാരം സാഹോദര്യത്തിൽ വിശ്വസിക്കുന്ന സമത്വസുന്ദരമായ ഭാവി കൈവരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

---

16

# ശാന്തത

വ്യവസായപരമായും മററുമുണ്ടാകുന്ന വൈഷമ്യസന്ധികളെപ്പററി മുൻ ഉപന്യാസങ്ങളിൽ പ്രതിപാദിച്ചു കഴിഞ്ഞു. കാററും കോളും കഴിഞ്ഞാൽ അന്തരീക്ഷം ശാന്തമാവുന്നതുപോലെ വൈഷമ്യമേറിയ പ്രശ്നങ്ങളെ വിവേചനാപൂർവ്വം നേരിടുന്നപക്ഷം അവസാനം ശുഭമായിരിക്കും.

നമ്മുടെ ജീവിതകാലത്തിലെ ഓരോ ഘട്ടങ്ങളെയും ശരിയായി അപഗ്രഥനംചെയ്തു നോക്കിയാൽ ഓരോ ഘട്ടത്തിനും ചില പ്രത്യേകസ്വഭാവമുള്ളതായി അനുഭവപ്പെടുന്നതാണ്. അനന്തമായ പ്രതീക്ഷകൾ രൂപമെടുക്കുന്ന ഒരു ദശാസന്ധിയാണ് യൌവനം. മത്സരബുദ്ധിയോടുകൂടിയ ജീവിതരീതിയാണ് അക്കാലങ്ങൾ ആരും ഇഷ്ടപ്പെടുന്നതു്. ശാന്തമായി ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ ഉള്ള പക്വതയില്ലായ്മ നിമിത്തമാണ് മുൻപറഞ്ഞ സ്വഭാവരീതി ആരിലും അപ്പോൾ ദൃശ്യമാവുന്നതു്. മദ്ധ്യപ്രായത്തിൽ ഏറെക്കുറെ പക്വതയും, തന്മൂലം സംഭവപരമ്പരകളെ ക്ഷമാപൂർവ്വം നേരിടുന്നതിനുതക്ക ശാന്തശീലവും കൈവരുന്നു. വാർദ്ധക്യകാലമാവുന്നതോടുകൂടി ഒരാൾ ഒരു തികഞ്ഞ ശാന്തശീലനായി പരിണമിക്കുന്നു. ഭൂതകാലത്തിലെ നേട്ടങ്ങൾ, ഓരോ വ്യക്തിക്കും വന്ന

ചേർന്ന മഹത്വം തുടങ്ങിയവയെപ്പററി ചിന്തിച്ചു് ആനന്ദിക്കുവാൻ കൂടുതൽ ജാഗ്രത വാദ്ധക്യദശയിൽ ഉണ്ടായിരിക്കും.

ഏതൊരു യുവാവിനും യുവതിക്കും, വേണ്ടത്ര ശുഷ്കാന്തിയും മനസ്സൈഥൎയ്യവും ഉണ്ടെങ്കിൽ എത്ര പ്രയാസമേറിയ കാൎയ്യങ്ങളും സാധിക്കുന്നതിനുള്ള മാർഗ്ഗം സുലഭമാണു്. ധനകാൎയ്യം, വാണിജ്യം, വ്യവസായം എന്നിവ ഈ നവീനലോകത്തിൽ ആൎക്കും കുത്തകയോ തറവാട്ടുവകയോ അല്ല. സ്ഥിരപരിശ്രമവും സാമൎത്ഥ്യവുമുണ്ടെങ്കിൽ നിശ്ചിതലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് യാതൊരു പ്രയാസവും നേരിടുന്നതല്ല. കലാശാലകളിലുള്ള അഭ്യസനമോ ബിരുദമോ ഒന്നും ഈവക പ്രവൎത്തനങ്ങൾക്കു പ്രതിബന്ധമാവുന്നതുമല്ല. ആൎക്കും യഥേഷ്ടം പരസഹായമെന്യേ ഇടപെട്ടു വിജയം കൈവരിക്കാം. ഉത്സാഹശീലവും മിതവ്യയവും വിജയപ്രാപ്തിക്കുള്ള അനുപേക്ഷണീയമായ ഘടകങ്ങളാണു്. അഹങ്കാരിക്കോ ഭീരുവിനോ പ്രവൎത്തിച്ചു നന്നാകുവാനുള്ള സാദ്ധ്യത വിരളമായിരിക്കും. ജീവിതത്തിൻെറ വിവിധവശങ്ങളെപ്പററി നല്ല പഴക്കവും തഴക്കവുമുള്ള പലേ മഹാന്മാരുടെയും അഭിപ്രായം യൌവനദശയിൽ ഏതു വൻകാൎയ്യവും സാധിക്കാമെന്നാണു്. അനാവശ്യമായ വികാരങ്ങൾക്കു് അടിമയാവുന്നതു് അപക്വബുദ്ധികളുടെ ലക്ഷണമാണു്. അനുഭവങ്ങളിൽനിന്നുമുള്ള ആത്മസ്മരണകൾ, ആപല്ക്കരമായ ഉദ്യമങ്ങളിൽനിന്നു മോചിപ്പിക്കുകയും വ്യാപാരപരമായും മററും നേരിടുന്ന ദുഘടസന്ധികളെ യഥായോഗ്യം നേരിടുന്നതി

നല്ല ത്രാണി ഉളവാക്കുകയും ചെയ്യുന്നതാണ്. യഥാർത്ഥ മായ ആനന്ദം ആസ്വദിക്കുവാൻ സാധിക്കുന്നതു് പ്രായേണ ഏതൊന്നിൻെറയും അന്ത്യഘട്ടത്തിലാകുന്നു.

സുഖപ്രദായകമായ സജ്ജീകരണങ്ങളുടെ സമൃദ്ധി യിൽമാത്രം ആനന്ദം ലഭ്യമായി എന്നു വരുന്നതല്ല. ശരി യായ ആനന്ദം പ്രവർത്തനഫലമായി ഉണ്ടാവുന്നതാകുന്നു. ഒരുവൻ മററാരുവനെക്കാൾ സാമ്പത്തികമായോ ആ രോഗ്യപരമായോ മികച്ച നിലയിൽ എത്തി എന്നുവരാം. പക്ഷെ വെറും അലസമായി ജീവിതം നയിക്കുന്നുവെങ്കിൽ ആ ജീവിതം ഉദ്ദേശരഹിതമായിത്തീരും. തന്മൂലം ആനന്ദ ത്തിൻെറ കണികപോലും അനുഭവിക്കുവാൻ അവനു സാധിക്കുന്നില്ല. പ്രവർത്തനഫലമായുണ്ടാവുന്ന താല്ക്കാ ലികമായ ഓരോ വിജയത്തിലും സന്തോഷിക്കുകയും അടുത്ത പടിയിലേക്കു കടക്കുവാൻ ശ്രമിക്കുകയുമാണ് മനുഷ്യ ധർമ്മം. അല്ലാതെ ഒന്നിലും സംതൃപ്തി ലഭിക്കാതെ മുന്നോട്ടു പോവുന്നതു് ആശാസ്യമല്ല.

ഒരുവൻെറ അവസാനനിമിഷംവരെ അവനെ ഭാഗ്യ വാനായി കരുതുന്നതു് തെററാണെന്നാണ് ഗ്രീസിലെ ജ്ഞാനിയായ സോളൻ അഭിപ്രായപ്പെടുന്നതു്. ലിഡി യായിലെ ക്രീസസ്സ് രാജാവിൻെറ ദാരുണമായ അന്ത്യം മുൻപറഞ്ഞ അഭിപ്രായഗതിക്കു് ഉപോൽബലകമാണല്ലോ. വിജയസമ്പാദനത്തിൻെറ പരിധി അവാച്യമായതു കൊണ്ടു് ആരും പൂർണ്ണവിജയത്തിൽ എത്തിയെന്നു് പറ യാൻ സാധിക്കുന്നതല്ല എന്നാണ് മററു ചില തത്വ ജ്ഞാനികളുടെ അഭിപ്രായം.

ധനപരമായ കാൎയ്യങ്ങളിൽ വിജയം വരിക്കുകയെന്നുള്ളതു് യൌവനക്കാരായിട്ടുള്ളവരുടെ ഒരു പ്രത്യേക ചുമതലയാകുന്നു. മദ്ധ്യപ്രായം തുടങ്ങുന്നതിനുമുൻപു് ഒരുവൻ ധനകാൎയ്യത്തിൽ വിജയം നേടിയില്ലെങ്കിൽ വിജയം എന്ന പദത്തിന്റെ വ്യാപകമായ അൎത്ഥത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമല്ല.

ഇന്നത്തെ യുവലോകത്തോടു് ആരും നടത്തേണ്ട ആഹ്വാനം യൌവ്വനത്തിൽ വിജയം കൈവരിക്കുകയെന്നുള്ളതാകുന്നു. അപ്രാപ്തനായ ഒരുവൻ ഏതെങ്കിലും സാഹചൎയ്യത്തിൽ പണക്കാരനായി തീൎന്നാൽതന്നെയും ആ ധനം യഥാവിധി വ്യയംചെയ്യുവാൻ സാധിക്കാതെ വരുമ്പോൾ പരാജയമടയുന്നു. എന്നാൽ പ്രാപ്തനായ ഒരുവനെങ്കിൽ, സമ്പാദിച്ച പണത്തെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തുകയല്ലാതെ നഷ്ടപ്പെടുത്തുവാൻ സന്ദർഭംകൊടുക്കുകയില്ല.

കുശാഗ്രബുദ്ധിയായ ഒരു പരീക്ഷകൻ പറയുന്നതു് അതിരില്ലാതെ സാധനങ്ങളെ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കണമെന്നാകുന്നു. ലൌകികമായ സമ്പത്തും അധികാരങ്ങളും മററും ആനന്ദം പ്രദാനംചെയ്യുന്ന ഉപാധികളായി കരുതപ്പെടുന്നു. പണസമ്പാദനത്തിനുള്ള ഊൎജ്ജസ്വലമായ പ്രവൎത്തനമാൎഗ്ഗങ്ങൾ ഉപേക്ഷിച്ചാൽ ജീവിതം ഭൂരിപക്ഷം ജനങ്ങൾക്കു് തീരെ ഉന്മേഷരഹിതമായിത്തീരുന്നതാണു്.

യൌവനകാലത്തു വിവേചനാപൂൎവ്വം പെരുമാറിയില്ലെങ്കിൽ ഒരുവന്റെ ജീവിതം മുഴുവൻ പരാജയത്തിൽ

കലാശിക്കുന്നതാണ്. ആരംഭകാലത്ത് സ്വാൎത്ഥതല്പരന്മാരായ പലേ സ്തുതിപാഠകന്മാരും നമ്മേ സമീപിച്ചു എന്നുവരാം. അവരുടെ വഞ്ചനകളിൽ അകപ്പെട്ട് ജീവിതം പാഴാക്കാതിരിക്കുവാൻ തക്ക വിവേചനാശക്തി നാം സ്വായത്തമാക്കേണ്ടതാണ്. ലോകൈകവിശ്രുതനായ നെപ്പോളിയൻെറ ജീവചരിത്രം ഒന്നു പരിശോധിച്ചു നോക്കുക. അജയ്യനായി കഴിഞ്ഞുകൂടിയ ആ വീരകേസരിയും ഒടുവിൽ വഞ്ചനമൂലം പരാജയം അടയേണ്ടിവന്നു. അതു് അദ്ദേഹത്തിൻെറ ദീൎഘദൎശനത്തിൻെറ വൈകല്യംകൊണ്ടു സംഭവിച്ചതാണ്.

വ്യാപാരകാൎയ്യത്തിൽനിന്നോ ഉദ്യോഗങ്ങളിൽനിന്നോ പിരിയണമെന്നുദ്ദേശിക്കുന്ന വ്യക്തികൾ അവരുടെ അഭിരുചിക്കനുസരണമായി മററു പദ്ധതികൾ സ്വീകരിക്കുന്നതു തികച്ചും നല്ലതാണ്. ബഹുഭൂരിപക്ഷത്തിനും പൊതുജനസേവനം കൂടുതൽ ആകൎഷണീയവും മഹത്തരവുമാണ്. രാഷ്ട്രീയസേവനം, പത്രപ്രവൎത്തനം, ധൎമ്മസ്ഥാപനസംരക്ഷണം എന്നിത്യാദി കാൎയ്യങ്ങളിൽ ഓരോരുത്തരും മുന്നോട്ടുവരാൻ ശ്രമിക്കേണ്ടതാണ്. “പരോപകാരാൎത്ഥമിദം ശരീരം” എന്നാണല്ലോ മഹദ്വചനം. ബിസിനസ്സും ധാൎമ്മികപരമായ കാൎയ്യങ്ങളും വിഭിന്നസ്വഭാവമുള്ള രണ്ടു പ്രത്യേകഘടകങ്ങളാണ്. ധാൎമ്മികസേവനം, ആരുടെയും ലാഭനഷ്ടത്തേയോ ജീവഹാനിയേയോ ഉദ്ദേശിക്കുന്നില്ല. തക്കതായ സമയത്ത് ബിസിനസ്സിൽനിന്നും വിരമിച്ച് ഇതരപദ്ധതികളിൽ പ്രവേശിക്കുന്നതു സമുചിതവും ശ്രേയസ്കരവുമായ കാൎയ്യമാണ്.

ഏതൊരു രാഷ്ട്രത്തിൻെറയും ക്രമാനുഗതമായ വള ച്ചയ്ക്ക് ഇപ്രകാരം സേവനസന്നദ്ധതയുള്ള ഏതാനും ആളു കൾകൂടിയേ കഴിയൂ. ഇംഗ്ലണ്ടിൽ പതിനെട്ടും പത്തൊൻ പതും നൂററാണ്ടുകൾ ജന്മിമാരുടെ പ്രാബല്യകാലമായി രുന്നു. അന്നത്തെ ഭരണകൂടത്തിന് അവരുടെ സഹായം അപരിത്യാജ്യവുമായിരുന്നു. പക്ഷേ കാലത്തിൻെറ നീക്ക ത്തിൽ അവരുടെ പ്രാബല്യം നിശ്ശേഷം നശിച്ചു താറുമാ റായി. ഇന്നു തൊഴിലാളിയുടെ കാലമായിരിക്കുന്നു. ജന്മി മനോഭാവത്തിന് അനുയോജ്യമല്ലാത്ത ഭരണകൂടവും രൂപീകൃതമായി കഴിഞ്ഞിരിക്കുന്നു.

ഭാരതഭൂമിയിലും ഇന്നു സാധാരണക്കാരൻെറ ഗവ ണ്മെൻറാണ് ഭരണം നടത്തുന്നതു്. സാമൂഹ്യമായ അഭ്യു ന്നതിയല്ലാതെ സ്വാൎത്ഥമതികളായ വ്യക്തികളുടെ താല്പ ൎയ്യങ്ങൾ അവിടെ സംരക്ഷിക്കപ്പെടുന്നില്ല. ആവശ്യ ത്തിനുതക്ക പണം സമ്പാദിച്ചു കഴിഞ്ഞശേഷം വീണ്ടും കൂടുതൽ പണം സ്വായത്തമാക്കിവയ്ക്കുന്നതു് സ്വാൎത്ഥത യുടെ മൂൎദ്ധന്യാവസ്ഥയായി കരുതേണ്ടതാണ്. അപ്ര കാരമുള്ള സ്വാൎത്ഥതയെ തടയുവാൻ ഏതൊരു പൌരനും തയാറാവണം.

ജനകീയഭരണം കൈവന്നിരിക്കുന്ന ഈ നവയുഗ ത്തിൽ യുവതീയുവാക്കന്മാരുടെ കൎത്തവ്യനിൎവ്വഹണം രാഷ്ട്ര ത്തിൻെറ അഭ്യുന്നതിക്ക് അത്യന്താപേക്ഷിതമാണ്. അഴി മതിയോടും അക്രമത്തോടും സമാധാനമായി പോരാടു വാൻ അവർ കടമപ്പെട്ടവരാണ്. പുരോഗമനാകാംക്ഷ

ഏതൊരു വ്യക്തിക്കും അനുപേക്ഷണിയമാകുന്നു. മിതമായ ജീവിതരീതിയും നിരന്തരമായ പരിശ്രമവും ആരെയും വിജയത്തിൽ എത്തിക്കുകതന്നെ ചെയ്യും. അതിൽനിന്നുളവാകുന്ന ആനന്ദം അനശ്വരവും പരിപാവനവുമാണു്. ആ മഹത്തരമായ ആനന്ദം അനുഭവിക്കുവാൻ സ്ഥിരോത്സാഹത്തോടുകൂടി നമുക്കു പരിശ്രമിക്കാം.

---

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. 301 Acc. No. 83500

This book should be returned on or before the date last stamped below.

22 OCT 1985

30 MAY 1989

2 JAN 1990

6 DEC 1995

21 JAN 1999

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

301 83500

മാമ്മൻ. കെ

സാമ്പത്തിക വിജ്ഞയം

Indic Digital Archive Foundation
gpura.org